# വിഷയവിവരം


1. ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ

—കേരളീദാസൻ.

2. ചന്ദ്രൻ

—വിദ്വാൻ വെള്ളാസ്സൂർ ഗോവിന്ദമേനോൻ.

3. ആധുനിക ഭാഷാഗദ്യസാഹിത്യത്തിന്റെ ഉല്പത്തിയും അഭിവൃദ്ധിയും

—വിദ്വാൻ ടി. എം. ചുമ്മാർ.

4. ജന്മഭൂമിയെ ഓർത്തു്

—എം. ഗോപാലൻകുട്ടി മേനോൻ.

5. കിളിപ്പാട്ടിന്റെ മണിപ്രവാളത്വമോ?

—കെ. വി. എം.

6. അദ്ധ്യാപകന്റെ ആപൽസന്ധി

—അദ്ധ്യാപകൻ.

7. സ്പ്രെയിൻ അന്നാശങ്കിച്ചപോലെയാണെങ്കിൽ

—ജെ. എം.

8. പെരുവഴിയിൽവെച്ചു്

—സി. ഗോവിന്ദക്കുറുപ്പ്.

# കൈരളി

പുസ്തകം ൨൩ | ൧൧൧൯ മകരം | ലക്കം ൧൦


കൈരളീഭാഷണം

## ജനനീ ജന്മഭൂമിശ്ച സ്വൎഗ്ഗാദപി ഗരീയസീ.

സ്വാതന്ത്ര്യത്തിനുവേണ്ടി കുതികൊള്ളുന്ന ഭാരതം ഒന്നാമതായി ഏകീകൃതമാകണം എന്നതിൽ പക്ഷാന്തരമില്ലല്ലോ. അവശ്യം സമ്പ്രാപ്യമായ ആ ലക്ഷ്യംവെച്ചുകൊണ്ടു ഭാഷയുടേയും സംസ്കാരത്തിന്റേയും സമുദായത്തിന്റേയും പേരിൽ ഏകീകരണം പ്രസംഗിക്കുന്ന നേതാക്കന്മാർ നമ്മുടെ നാട്ടുകളിൽ ധാരാളമുണ്ടു്. ഇപ്പോൾ സങ്കല്പമാത്രസ്ഥിതമായ സ്വതന്ത്രഭാരതത്തിന്റെ സൂത്രധാരന്മാരായ മഹാശയന്മാർപോലും ഭാഷാസംസ്കാരാദികൃതമായ ഐക്യം ഗാഢാലോചനക്കു വിഷയമാക്കിയിട്ടുണ്ടു്. എന്നിട്ടും അനൈക്യം വൎദ്ധിച്ചുവരുന്നതേയുള്ളു. രാഷ്ട്രഘടനാവിഷയകമായി എന്തെങ്കിലും തീരുമാനിക്കപ്പെടേണ്ടിവരുമ്പോൾ ഭാഷയുടേയും സംസ്കാരത്തിന്റേയും മതത്തിന്റേയും സമുദായത്തിന്റേയും നാമത്തിൽ ഭിന്നഭിന്നങ്ങളായ കക്ഷികൾ വേർതിരിഞ്ഞു നിന്നു പരസ്പരം മല്ലടിക്കുകയാണു് പതിവു്. ഈ ദശാവിപൎയ്യയത്തിൽ ഐക്യസാധകമായി മറെറന്തെങ്കിലും ഉപായം തേടിപ്പിടിക്കേണ്ട ദിക്കായിരിക്കുന്നു. നവീനഭാരതത്തെക്കുറിച്ചു് അവധാനപൂൎവ്വം പഠിക്കുകയും പൎയ്യാലോചിക്കുകയും ചെയ്തുവരുന്ന മഹാപണ്ഡിതന്മാരിൽ ഒരുവനായ മി. എം. രത്നസ്വാമി സി. ഐ. ഇ. ഈയിടെ നമ്മുടെ ചിന്തകന്മാരുടെ മുമ്പിൽ ഒരുപക്ഷേപം ഹാജരാക്കിയിട്ടുണ്ടു്. അതിനെപ്പററിയാണു് ഇത്തവണ ഞങ്ങൾക്കു രണ്ടു വാക്കു പറയുവാനുള്ളതു്.

ഭാരതത്തെ ഒരവിഭക്തരാഷ്ട്രമായി ലോകസമക്ഷം അവതരിപ്പിക്കുവാനാണല്ലോ എല്ലാവരുടേയും ശ്രമം. എന്നാൽ ഭാരതത്തിൽ എന്തൊന്നാണൊ ഇന്നുവരേയും അവിഭക്തമായി നിലകൊണ്ടിട്ടുള്ളതു് ആ ഒന്നിനെപ്പററിയുള്ള വർണ്ണനങ്ങൾ നമ്മുടെ ഐക്യവിഷയകങ്ങളായ വാദങ്ങളിൽ കാര്യമായി കടന്നുപററിക്കാണുന്നില്ല. ഭാരതത്തെക്കുറിച്ചു പറയുന്നവരെല്ലാം തന്നെ ഭാരതഭൂമിയെക്കുറിച്ചല്ല പ്രത്യുത ആ ഭൂമിയിൽ ജനിച്ചുവളന്നു കശപിശകൂട്ടിക്കൊണ്ടിരിക്കുന്ന ജനസമുദായങ്ങളേയും അവയുടെ സംസ്കാരങ്ങളേയും സംബന്ധിച്ചാണു ഘോഷിക്കുന്നതു്. ഒരു കൂട്ടർ ഹൈന്ദവധർമ്മം, ഹൈന്ദവസംസ്കാരം, ഹൈന്ദവരാജ്യം എന്നിവയെ ഉള്ളിൽവെച്ചു് ഏകീകൃതഭാരതത്തെ സ്വപ്നം കാണുന്നു; മറെറാരു കൂട്ടർ ഇസ്ലാം സംസ്കാരത്തേയും സമുദായഘടനയേയും പുരസ്കരിച്ചു് ഏകദേശം ഒരക്ബർ ഭാരതത്തെ മനസാക്ഷണിച്ചുകൊണ്ടിരിക്കുന്നു; വേറൊരു കൂട്ടർ സംസ്കാരവും മതവും മാററി നിർത്തി തങ്ങൾക്കു ഹിതമായൊരു രാഷ്ട്രഘടനാസിദ്ധാന്തത്തേയും സമുദായബന്ധനീതിയേയും അടിസ്ഥാനപ്പെടുത്തി ഭാരതത്തെ ഒരവിഭക്തരാഷ്ട്രമാക്കാമെന്നാശിക്കുന്നു. ഈ ഭിന്നപക്ഷങ്ങളുടെ വ്യാമോഹങ്ങൾ തമ്മിലിടഞ്ഞു നമ്മുടെ രാജ്യത്തെ വിപ്ലവവ്യാകുലമാക്കിവരികയാണു്. ചുരുക്കത്തിൽ സമത്ഥമായൊരു രാഷ്ട്രരൂപവൽകരണത്തിന്നു അനുപേക്ഷണീയമായ രണ്ടു ഘടകങ്ങളിൽ ഒന്നാണു ജനസമുദായത്തിന്റെ കാര്യമെങ്കിലും അതു നമ്മുടെ ഇതേവരെയുള്ള വിവാദങ്ങളിൽ ക്രമാതീതമായി തടിച്ചുകൂടിയിരിക്കുന്നുവെന്നത്ഥം. പ്രധാനമായി ഹിന്ദുക്കളും മഹമ്മദീയരും കക്ഷിബലം കൂട്ടി അന്യോന്യം എതിരിട്ടു നിന്നു തങ്ങളുടെ അവകാശങ്ങളേയും അവശതകളേയും അന്തഹിതശക്തികളേയും പന്തയംവെച്ചു മത്സരിച്ചുവരുന്നു. നിയോജകമണ്ഡലങ്ങൾ ജനപദങ്ങൾക്കല്ല ജനവിഭാഗങ്ങൾക്കാണെന്നായിരിക്കുന്നു. ഭാരതത്തിൽ രാഷ്ട്രീയബോധംതന്നെ ജനമാത്രസംബന്ധിയായിക്കഴിഞ്ഞിരിക്കുന്നുവെന്നു പറയാം. സംസ്കാരത്തിന്റെ കാര്യത്തിലും ഈ ജനമാത്രബന്ധം വേർതിരിവുകൾ വരുത്തിയിട്ടുണ്ടു്. വാൾട്ടയറിൽ വാൾട്ടയർ സർവ്വകലാശാലയല്ല, നേരെമറിച്ചു് ആന്ധ്രാസർവ്വകലാശാലയാണുള്ളതു്; കാശിയിൽ ഹിന്ദുസർവ്വകലാശാലയും അലിഗറിൽ മുസ്ലിം സർവ്വകലാശാലയും. അവയുടെ കാറേററ ദക്ഷിണഭാരതത്തിൽ ഒരു കൃസ്ത്യൻ സർവ്വകലാശാലയും ആവിർഭവിച്ചാൽ!—അതിന്നപ്പുറം പറയുന്നില്ല. ഒരു ഡസനിലധികം കോളേജുകൾ നടത്തിവരുന്ന കൃസ്ത്യാനികൾ

അങ്ങനെയൊന്നു കൂടി കാങ്ങിവെച്ചിരുന്നതായി കേട്ടിട്ടുണ്ട്. ഏതായാലും ഇതേവരെ അതു രൂപമെടുക്കാഞ്ഞതു നന്നായി.

ജനസമുദായങ്ങളേയും സംസ്കാരങ്ങളേയും പൊക്കിപ്പിടിച്ചുകൊണ്ടുള്ള നമ്മുടെ ഏകീകരണപരിശ്രമങ്ങൾ ഇത്രത്തോളം കുഴപ്പത്തിലാണു കലാശിച്ചിട്ടുള്ളതെന്നോക്കുമ്പോൾ രാഷ്ട്രനിർമ്മിതിക്കുവേണ്ട മറെറാരുഘടകമായ ഭാരതഭൂമിയുടെ നൈസർഗ്ഗികങ്ങളായ യോഗ്യതകളിലേക്കു നമ്മുടെ ശ്രദ്ധയെ കുറെക്കാലത്തേക്കു വ്യാപനായിക്കുന്നതല്ലേ ശുഭമെന്നു തോന്നുന്നു. ഐക്യസമ്പാദനോദ്യമത്തിൽ നമ്മുടെ നൃവംശശാസ്ത്രം പരാജയപ്പെട്ടുവെങ്കിൽ ഭൂമിശാസ്ത്രത്തെ ഒന്നു പരീക്ഷിച്ചാൽ എന്താണു തരക്കേടു? ജനസമുദായങ്ങൾക്കുള്ളതിനേക്കാളധികം നമ്മുടെ ജന്മഭൂമിക്കു പരിച്ഛിന്നമായ ജീവിതപരിപാടിയും സ്വാതന്ത്ര്യാവകാശങ്ങളും ഉണ്ട്. അവക്കു വേണ്ടത്ര പ്രാധാന്യം ഇന്നോളം നാം കല്പിച്ചിട്ടില്ല. ഭാരതഭൂമിയുടെ ഐക്യം നിയതങ്ങളായ സീമാന്തങ്ങളാൽ സുരക്ഷിതമായിക്കിടക്കുന്നുണ്ട്. വടക്കു ഹിമാലയവും വടക്കുപടിഞ്ഞാറ ഹിന്ദുക്കുഷ്പർവ്വതവും കിഴക്കും പടിഞ്ഞാറും കടലും നമ്മുടെ ഭൂമിയെ കണിശമായി അതിരിട്ടു പരിപാലിച്ചു പോരുന്നു. ഇത്തരം അന്തപാലകഭിത്തികൾ ഭാരതത്തിന്നുള്ളിൽ വിഭിന്ന രാഷ്ട്രങ്ങളെ സ്വയം പര്യാപ്തങ്ങളാക്കിനിർത്തി പുലർത്തുന്നതായിട്ടറിവില്ല. ചരിത്രകാലത്തിൽ നമ്മുടെ ജന്മഭൂമി ഛിന്നഭിന്നമായി കാണപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം സഹസ്രാബ്ദങ്ങളായിട്ടു ആ ജനനീരത്നം സ്വന്തം ഐക്യത്തെക്കുറിച്ചു ചെയ്തിട്ടുള്ള നിഭൃതോദ് ബോധനങ്ങൾ അവളുടെ സന്താനങ്ങൾ കേട്ടിട്ടില്ലെന്നുള്ളതാണ്. അതുകൊണ്ടു ഭാരത ഭൂമിയുടെ അകൃത്രിമങ്ങളായ സൌന്ദര്യവിലാസങ്ങൾ ഉത്തരോത്തരം ഉൽഘോഷണം ചെയ്തു അവയാൽ ഉത്തേജിതങ്ങളാകുന്ന മനോവികാരങ്ങളെ കൂട്ടിയിണക്കി ജനസമുദായങ്ങൾക്കു ഐക്യമുണ്ടാക്കുവാൻ ഉത്സാഹിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സർ സ്ററീഫൻ ടാലൻറസ് എന്ന വിദ്വാൻ "The Projection of England" എന്ന തലക്കെട്ടിൽ ഒരു ലഘുപത്രിക പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ അദ്ദേഹം ആവർത്തിച്ചിട്ടുള്ള പല്ലവി ഇംഗ്ലണ്ടിന്റെ പ്രകൃതിസിദ്ധങ്ങളായ പ്രഭാവങ്ങളെ പരസ്യപ്പെടുത്തിയതു മതിയായിട്ടില്ലെന്നാണ്. ഇംഗ്ലണ്ടിനോടു സാമ്രാജ്യത്തിന്നൊന്നാകെ

സ്നേഹാദരങ്ങൾ വർദ്ധിക്കുകയും സാമ്രാജ്യഘടനയിൽ ഇംഗ്ലണ്ടിനുള്ള സ്ഥാനം ഉയരുകയും ചെയ്യണമെങ്കിൽ അവളുടെ സ്വാഭാവികമായ ഉൽകർഷം സകലരേയും ബോദ്ധ്യമാക്കണമെന്നാണ് അദ്ദേഹത്തിന്റെ വാദം. അതിനുവേണ്ടി നവീനവിജ്ഞാനത്തിന്റെ സർവ്വശക്തികളും ഉപയോഗപ്പെടുത്തി സിനിമ, റേഡിയോ മുതലായവകൊണ്ടു ഇംഗ്ലണ്ടിന്റെ സൌഭഗവിശേഷങ്ങൾ സർവ്വജനഗോചരമാക്കിച്ചെയ്യണമെന്നു ആ വിദ്വാൻ ഉപദേശിക്കുന്നു. ആ ഉപദേശം തന്നെയാണ് ഭാരതത്തിന്റെ ഉജ്ജീവനത്തെ മുൻനിറുത്തി മി. രത്നസ്വാമിയും ചെയ്യുന്നതു്. ഭയാനകമായ നാനാത്വത്തെപ്പോലും നിസ്സാരമാക്കുമാറു ഭാരതഭൂമിക്കു് അതിന്റെ കിടപ്പിൽതന്നെയുള്ള ഏകത്വത്തേയും സ്വാതന്ത്ര്യത്തേയും കുറിച്ചു് ഏതൊരു ഭാരതീയനും അഭിമാനം ഉദിക്കുംവണ്ണം ആ ഭൂമിയുടെ സഹജങ്ങളായ സൌഭാഗ്യങ്ങൾ നാം അക്ഷോളമിടങ്ങോളം പടഹമടിച്ചു പുകഴ്ത്തേണ്ടിയിരിക്കുന്നു. തങ്ങളുടെ രാജ്യത്തിനുവേണ്ടി യുദ്ധംചെയ്തുമരിക്കപോലും ചെയ്യാൻ ഭാരതീയരെ ഉത്സാഹിപ്പിക്കുമാറു ആ രാജ്യത്തിന്റെ സുഭഗോജ്ജ്വലചിത്രം അവരുടെ ഹൃദയങ്ങളിൽ ആലേഖനം ചെയ്യണം. പടഹാദ്ധ്വാനമോരോന്നും അവരുടെ ജന്മഭൂമിസ്നേഹത്തെ തിളപ്പിക്കുവാൻ സംഗതിയാകണം. പലരും പറയും, ഇപ്പോൾതന്നെ ഭാരതത്തെക്കുറിച്ചു അവർ പത്രങ്ങളും ജിഹ്വകളുംവഴിക്കു ധാരാളം അറിഞ്ഞുവരുന്നുണ്ടെന്നു്. പക്ഷെ യഥാർത്ഥത്തിൽ അവരറിയുന്നതു ഭാരതഭൂമിയെസ്സംബന്ധിച്ചല്ല. നേരെമറിച്ചു അതിൽക്കിടന്നു തമ്മിൽത്തല്ലി തലപൊളിക്കുന്ന ധർമ്മസംഹിതകളേയും രാഷ്ട്രമീമാംസകളേയും പററിയാണെന്നു സ്വല്പമാലോചിച്ചാൽ അറിയാം. ഭാരതത്തിലെ ഒരു ഗ്രാമീണൻ സ്വന്തം ഗ്രാമത്തേയും തൽപരിസരങ്ങളേയും വിട്ടു വിശാലമോഹനമായി കിടക്കുന്ന സാമ്രാജ്യത്തെപ്പററി എന്തറിഞ്ഞിട്ടുണ്ടു്? കേരളത്തിലെ ഒരു സാധാരണൻ പഞ്ചനദത്തേയും ഹിമാലയത്തേയും ബംഗാളത്തേയും സംബന്ധിച്ചു എന്തറിയുന്നു? നമ്മുടെ സ്വരാജ്യാഭിമാനം സ്വരാജ്യജ്ഞാനനിരപേക്ഷമാണെന്നു തീർത്തുപറയാം. നേരെമറിച്ചു കേരളത്തിലെ ഹിന്തുക്കൾക്കും മഹമ്മദീയർക്കും കൃസ്ത്യാനികൾക്കും തങ്ങളുടെ സമുദായത്തേയും സംസ്കാരത്തേയും കുറിച്ചുള്ള അറിവോ എതാണ്ടു് അങ്ങേ അററത്തെത്തിയിരിക്കുന്നു.

"If we are to love our country, we must make it lovely"

ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ ര്മൻ

എന്നാണ് ബക്കിന്റെ അനുശാസനം. എന്നാൽ നമ്മുടെ ഭൂമി ജന്മനാ കമനീയമാണ്.

ഇഹസമദശകുന്താക്രാന്തവാ നീരവീരുത്
പ്രസവസുരഭിശീത സ്വച്ഛതോയാ വഹന്തി
ഫലഭരപരിണാമശ്യാമ ജംബൂനികുഞ്ജ-
സ്ഖലനമുഖര ഭൂരിസ്രോതസോ നിർഝരിണ്യഃ.

എന്നിങ്ങനെ എത്രയെത്ര സുന്ദരഭാഗങ്ങൾ! അവയുടെ കാമനീയകം നമ്മൾ യഥാതഥം മനസ്സിലാക്കണമെന്നേയുള്ളൂ.

കൈരളീദാസൻ.

# ചന്ദ്രൻ.

(സ്ഥാനത്യാഗം ചെയ്ത കൊച്ചി മഹാരാജാവു് നാട്ടുവൎത്തമാനങ്ങൾ അറിയുന്നതിന്നും മററും പ്രച്ഛന്നവേഷനായി രാത്രി സഞ്ചരിക്കാറുണ്ടായിരുന്നുവത്രെ. അങ്ങിനെ അദ്ദേഹം സഞ്ചരിച്ച ഒരു പൌൎണ്ണമാസിയിലെ ചന്ദ്രന്റെ വൎണ്ണനയാണു് ഇതു്.—കാവ്യാംശം.)

അന്നാററം തെളിഞ്ഞ മൃദുശീതളവെൺനിലാവു
ചിന്നിച്ചിരിച്ചു ഗഗനാഭരണി പൂൎണ്ണചന്ദ്രൻ
ലോകത്തിലുള്ള പലസംഭവവും ശരിക്കു
താൻകണ്ടറിഞ്ഞിടണമെന്നു നിനച്ചവണ്ണം. 1

വെൺകാറിനങ്ങളു മിടയ്ക്കു കൊടുംകരിങ്കാർ-
സംഘങ്ങളും പെരിയ ഭീകരരൂപമേന്തി
അല്പപ്രഭങ്ങളുഡുപംക്തിയെയാക്രമിപ്പ-
തീക്ഷിച്ചതിൻ പ്രതിവിധിക്കമൃതാംശുമിന്നീ. 2

കുന്നത്തുനില്പൊരു സമുന്നതഭൂരുഹത്തി-
ന്നൊന്നുള്ളപോലെയൊരു കുപ്പയിലെച്ചെടിക്കും
മന്ദസ്മിതത്തൊടണിവെള്ളി കരങ്ങൾകൊണ്ടു
ചിന്നിക്കൊടുത്തു ശശി, പാരഖിലം കുളിൎത്തു. 3

"ആരെത്രതന്നെയൊളിവിശ്ശുകിലും കടക്കി-
ല്ലത്രക്കഗാഢതയു,മുഗ്രതയുള്ളിരുട്ടും
ആളുന്നൊരഗ്ഗുഹകൾതന്റെ ഭയങ്കരതാ-
മാററുന്നതിന്നുവഴിയോൎത്തുവിളങ്ങിസോമൻ. 4

കാൽകുത്തുവാൻ മടി മനുഷ്യനുയൎത്തുമാറ-
കാടായ്കിടന്നു ഫലശൂന്യതയാൎന്നജസ്രം
പാഴായ ദിക്കുകളിലും സമചിത്തനിന്ദു
പാൽവെൺകുളിൎക്കതിൎചൊരിഞ്ഞൊളിചേൎത്തിടുന്നു. 5

പൂൎവ്വപ്രദേശമലയിങ്കലൊളിച്ചു നിന്നു
പാശ്ചാത്യദിക്കുകളിലേക്കു തുറിച്ചുനോക്കും;
സ്വൈരം പ്രതീചിയണകിൽ സ്വയമക്കിഴക്കൻ-
ദിക്കിങ്കലാണു മിഴിചന്ദ്രനതന്ദ്രശോഭം. * 6

---

* സൂൎയ്യചന്ദ്രന്മാർ പൂൎവ്വാപരദിക്കുകളിൽ പ്രകാശിക്കുമ്പോൾ അവയുടെ വെളിച്ചം എതിർഭാഗങ്ങളിൽ അകലെയായി കാണാറുള്ളതു് അനുഭവമാണല്ലോ.

കണ്ടില്ലയെന്നു കരുതുന്നതു കൎമ്മസാക്ഷി—
യാകുംതനിക്കുചിതമല്ലിതിചിന്തയേന്തി
കാണുന്നതിന്നു കരംവെച്ചു കളങ്കവേഷം
കൈക്കൊണ്ടിതാ മതി ചിരിപ്പതു മാനമോടേ. 7

കാണാം ചിലേടമൊളിയാളിന വെള്ളവസ്ത്രം-
ചുററി സ്വയം ചലനമററമരുന്നൊരാളെ;
ഘോരൻ പിശാചിനുടെയാകൃതിമറെറാരേട-
മേവം നിലാവിൽ നിഴൽ തസ്കര ഭീതിചേൎത്തു. 8

തന്നോടു നേരിടുവതിന്നു കരുത്തൊരാൾക്കു-
മില്ലെന്നു കാററിലുലയും വലുതായ വൃക്ഷം
ശീൎഷം കുലുക്കെ,യുളവാം പഴുതിങ്കലൂടേ
കാൺമൂ സുധാകരനധസ്ഥതൃണങ്ങളേയും. 9

പൂൎവ്വാധികപ്രഭ പുലൎന്നു പുറത്തുവന്നു
പൂൎണ്ണപ്രശസ്തിവളരാനിടയിൽപെടുമ്പോൾ
തൻപാട്ടിലായമൃതദീധിതിയെന്നു മിഥ്യാ
ഗൎവ്വംനടിച്ചു ഞെളിയുന്ന മുകിൽക്കുലങ്ങൾ. 10

നല്ലാമ്പലിന്നുടയസങ്കുചിതത്വമീക്ഷി-
ച്ചുല്ലാസമോടു പതിയൊത്തനുതാപമെന്ന്യേ
മേളിച്ച പങ്കജകുലത്തിനുമായവസ്ഥ
കോലുന്നു, കൎമ്മഫലദായകനീമൃഗാങ്കൻ. 11

കിട്ടീലഭക്ഷണമിതേവരെയെന്നു വല്ലാ-
തല്ലൽപ്പെടുന്നൊരു ചകോരകുലത്തിനെല്ലാം
സംതൃപ്തമായശനമേകിടുവാൻ കരങ്ങൾ
നീട്ടുന്നതുണ്ടു കുളുർതിങ്കളുദാരശീലർ. 12

പഞ്ഞിപ്പതുങ്ങി തരുപംക്തികൾതന്നിടയ്ക്കു
പററുന്നിരുട്ടിനെയശേഷവുമോഷധീശൻ
കാടേററിടുംപടി കൊടുംകരവാൾചുഴററി-
ക്കാട്ടുന്നതുണ്ടു സുമനസ്സുഖദൻ നിതാന്തം. 13

സദ്വൃത്തനായ് കമലതൻസഹജാതനായി-
സ്സർവ്വജ്ഞനും ശിരസി തൻകലഭൂഷയാക്കി
രാജാവിവൻ നിഖിലലോകസുഖപ്രദായി
ഗോശ്രീവിലാസമുളവാക്കി ജയിച്ചിടുന്നു. 14

ഇത്ഥം സ്വകർമ്മരതനാം മതി മന്നിടത്തി-
ലൊക്കെപ്പെട്ടന്നിരുൾകളഞ്ഞു തെളിഞ്ഞുനില്ക്കെ,
പൊൽപ്പൂമ്പുകൾപ്പൊലിമപൊങ്ങിന മംഗളാത്മാ-
വാകും നൃപൻ കരുതി നാട്ടു നടന്നു കാണ്മാൻ; 15

വിദ്വാൻ, വെള്ളാങ്ങല്ലൂർ ഗോവിന്ദമേനോൻ.

# ആധുനികഭാഷാഗദ്യസാഹിത്യത്തിന്റെ ഉല്പത്തിയും അഭിവൃദ്ധിയും.

അതിപ്രാചീനകാലം മുതൽക്കെ മലയാളഭാഷയിൽ ഗദ്യം ഉണ്ടായിത്തുടങ്ങിയിട്ടുണ്ടെന്നുള്ളതു നിരാക്ഷേപമാണു്. എന്നാൽ അവ എതെല്ലാമെന്നു് ഇപ്പോൾ നമുക്കു നിശ്ചയമില്ലാതെയാണിരിക്കുന്നതു്. കേരളചക്രവൎത്തിമാർ ക്രിസ്ത്യാനികൾക്കും മററുമായി കൊടുത്തിട്ടുള്ള ചെമ്പുപട്ടയങ്ങളിലെ ഗദ്യം ആദിമഗദ്യത്തിന്റെ മാതൃകയായി ചിലർ പ്രദൎശിപ്പിക്കാറുണ്ടു്. എന്നാൽ അവയിലെ ഭാഷ ശരിയായ ഗദ്യമോ, മലയാളംതന്നെയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

കോവിലകങ്ങളിലും പ്രഭുമന്ദിരങ്ങളിലും എഴുതി സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥവരികളാണു വേറെ ചില മാതൃകകൾ. ഗ്രന്ഥവരികളിൽ പലതും ഭാഷയുടെ കാലാനുസൃതമായ അഭിവൃദ്ധിയെ കാണിക്കുവാൻ ഉപകരിക്കാത്തവിധം പുതുക്കി എഴുതിപോന്നിട്ടുള്ളവയാണെന്നു ഭാഷാചരിത്രകൎത്താവു്, അഭിപ്രായപ്പെട്ടു കാണുന്നുണ്ടു്. ഈ ആക്ഷേപം അഗണ്യമോ അസ്വീകാൎയ്യമോ ആയിരുന്നാൽതന്നെയും അവക്കു മററൊരു വിധത്തിലുള്ള ന്യൂനത പറയാവുന്നതാണു്.. ഗ്രന്ഥവരികൾ പ്രതിദിനസംഭവങ്ങളെക്കുറിക്കുന്ന ഒരു ഡയറി മാത്രമാണല്ലൊ. ആ സ്ഥിതിക്കു സാഹിത്യത്തിന്റെ കലാചരമായ വികാസത്തെക്കുറിക്കുവാൻ അവ അത്രതന്നെ പൎയ്യാപ്തമല്ല. വൈദ്യം ജ്യോതിഷം മുതലായ വിഷയങ്ങളെപ്പററി പ്രതിപാദിച്ചിട്ടുള്ള പ്രാചീനഗദ്യകൃതികൾക്കും, അവ നഗ്നമായ സത്യത്തെ വിളിച്ചു പറയുന്ന ശാസ്ത്രങ്ങളാണെന്നുള്ള ആക്ഷേപത്താൽ സാഹിത്യക്ഷേത്രത്തിനുള്ളിൽ പ്രവേശനം ലഭിക്കാതെ പോകുന്നു.

സ്വച്ഛന്ദം വിഹരിക്കുന്ന ഒരു ഹൃദയത്തിന്റെ പ്രതിഫലനമാണു സാഹിത്യം. അതിൽ മനുഷ്യന്റെ കല്പനാശക്തിക്കു പ്രവൎത്തിക്കുവാൻ വേണ്ടുവോളം സ്വാതന്ത്ര്യമുണ്ടു്. ഒരു വ്യക്തിയുടെ വികാരവിചാരങ്ങളുടെ പ്രതിരൂപമാണു സാഹിത്യത്തിൽ കാണുന്നതെങ്കിലും അതിൽനിന്നു തദ്ദേശീയരുടേയോ, സമുദായത്തിന്റേയോ ചിന്താഗതിയെക്കൂടി മനസ്സിലാക്കുവാൻ സാധിക്കും. തന്നിമിത്തമത്രെ സാഹിത്യം സമുദായത്തിന്റെ സംസ്കാരപരിഷ്കാരങ്ങളെ പ്രതിഫലിപ്പിച്ചു കാണിക്കുന്ന കണ്ണാടിയാണെന്നു പറയുവാനും കാരണം. ഏതു ഭാഷയിൽ ഗദ്യസാഹിത്യത്തിനു് അഭിവൃദ്ധി കൂടുതൽ കാണുന്നുവോ, അതനുസ

രിച്ചു് ആ ഭാഷാസാഹിത്യവും, അതിനെ കൈകാര്യം ചെയ്യുന്ന ജനങ്ങളും അഭിവൃദ്ധിപ്പെട്ടിട്ടുള്ളതായി ഗണിക്കാവുന്നതാണു്. ഗദ്യം, അകൃത്രിമമായ വിധത്തിൽ ജീവിതത്തോടു് ഏററവും അനുബന്ധിച്ചുനില്ക്കുന്നു എന്നുള്ളതാണു് ഇപ്പറഞ്ഞതിനു കാരണം.

ഭാഷാസാഹിത്യത്തിൽ മണിപ്രവാളത്തിന്റെ ആവിർഭാവത്തോടുകൂടി—അഥവാ പ്രബന്ധങ്ങളുടെ ഉല്പത്തിയോടുകൂടി—സംസ്കൃതത്തെ അനുകരിച്ചു് ഒരുതരം ഗദ്യസാഹിത്യം പ്രചരിച്ചു തുടങ്ങി. ഭാഷയുടെ വളൎച്ചയേയും ഗ്രന്ഥകാരന്റെ സ്വതന്ത്രമായ വചോവിലാസത്തേയും പ്രകാശിപ്പിക്കുവാൻ പ്രസ്തുത ഗദ്യങ്ങൾ അത്യന്തം പൎയ്യാപ്തമായവതന്നെ. എന്നുവരികിലും (പ്രബന്ധങ്ങളിലെ മേൽപറഞ്ഞ ഗദ്യത്തെ) അവയെ ഇന്നുള്ളവർ ഗദ്യമായി ഗണിക്കുവാൻ തീരെ പ്രയാസമാണു്.

അസ്തഗിരീശ്വരമസ്തക സീമനി<br>
ഭാസ്കര ഭഗവാൻ മറയുന്നേരം<br>
ഗതവതി സവിതരി ഗുഹകളിൽനിന്നാ-<br>
ത്തിമിരകരീശ്വരരിളകുന്നേരം<br>
ദിക്ഷുവിദിക്ഷു ച ദുഷ്ടരമായ<br>
തരക്ഷുഗണങ്ങൾ തകൎക്കുന്നേരം<br>
കാട്ടിൻനടുവേ കാട്ടാളാവലി<br>
കൂട്ടംകൂടിച്ചെല്ലുന്നേരം<br>
മല്ലീവല്ലീമല്ലാവലിരിഹ<br>
മെല്ലേമെല്ലേ വരിയുന്നേരം.

എന്നിങ്ങനെയുള്ള വൃത്തഗന്ധിയായ ഗദ്യമാണു് അവയിലുള്ളതു്. ഇവ ഗദ്യമെന്ന പേരിനെതന്നെ അഹിക്കുന്നില്ലല്ലോ. സംസ്കൃതത്തിന്റെ പരമാധിപത്യം മലയാളത്തിന്റെ മേൽ ഉണ്ടായിരുന്ന കാലത്താണു് ഇത്തരം ഗദ്യങ്ങൾ ഇവിടെ ആവിർഭവിച്ചതു്. സംസ്കൃതത്തിൽ ഗദ്യസാഹിത്യത്തിനുള്ള സ്ഥാനംതന്നെ അപ്രധാനമാണു്. ആ സാഹിത്യത്തെ സൎവ്വഥാ അനുകരിച്ചിരുന്ന മലയാളത്തിലും ഇമ്മാതിരി ഗദ്യം മാത്രം ഉത്ഭവിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. സംസ്കൃതത്തിൽ ഗദ്യസാഹിത്യം വളരെ ദുൎല്ലഭമെന്നല്ല ഇപ്പറഞ്ഞതിനൎത്ഥം. ഭാഷ്യം, വൃത്തി, വ്യാഖ്യാനം, കാവ്യം, നാടകം എന്നീ പ്രസ്ഥാനങ്ങളിലെല്ലാം സംസ്കൃതത്തിൽ ഗദ്യമുണ്ടെന്നുള്ളതു് ആരും സമ്മതിക്കുന്നതുതന്നെ.

എന്നാൽ ഭാഷയിലെ ആധുനികഗദ്യത്തിനു മാതൃകയായിരിക്കത്തക്ക വണ്ണം ഉത്തമമായിട്ടുള്ളതല്ല അതിലെ ഗദ്യമെന്നു മാത്രമേ അഭിപ്രായമുള്ളു. പ്രൊഫസർ രാജരാജവർമ്മ കോയിത്തമ്പുരാൻ പ്രസ്താവിക്കുന്നതു കേൾക്കുക:—

"സംസ്കൃതത്തിനുതന്നെ ശരിയായ ഒരു ഗദ്യരീതി ഏർപ്പെട്ടിട്ടില്ല. ചമ്പൂപ്രബന്ധങ്ങളിൽ കാണുന്ന ഗദ്യം ആ പേരിനുതന്നെ അർഹമല്ല. വളച്ചുകെട്ടി വലിച്ചുനീട്ടി വലിയ വലിയ സമാസങ്ങൾകൊണ്ടു നിറച്ച് അവസാനിക്കാത്ത വിശേഷണങ്ങളും ചേർത്തു പെരുമ്പാമ്പിഴയുന്നതുപോലെയുള്ള മട്ടിൽ എഴുതിക്കൂട്ടുന്ന പദജാലത്തെയാണു കവികൾ പ്രാധാന്യേന ഗദ്യം എന്നു വ്യവഹരിക്കുന്നതു്. ശാസ്ത്രകാരന്മാരുടെ ഗദ്യമാകട്ടെ ഇതിനു വിപരീതം."

സംസ്കൃതത്തിലെ ഗദ്യസ്വഭാവം ഇതിൽനിന്നും വ്യക്തമാണല്ലോ. സംസ്കൃതത്തെ സർവ്വപ്രകാരേണയും അനുകരിച്ചിരുന്ന മലയാളഗദ്യത്തിൻെറ സ്വഭാവവും ഇതുതന്നെ. മലയാളഗദ്യസാഹിത്യം ഈ മട്ടിൽ കഴിഞ്ഞുകൂടുന്ന കാലത്താണു പാശ്ചാത്യന്മാരുടെ കേരളത്തിലേയ്ക്കുള്ള പ്രവേശനം. വ്യാപാരാർത്ഥമാണു് അവർ ഇവിടെ ആദ്യം വന്നു ചേർന്നതു്; എന്നാൽ മതപ്രചരണവും പിന്നീടു് അവരുടെ ആഗമനോദ്ദേശ്യങ്ങളിൽ ഒന്നായിത്തീർന്നു. അതിലേയ്ക്കു കേരളത്തിലെ പരിതഃസ്ഥിതികളെ ആകമാനം ഒന്നു പരിഷ്കരിക്കേണ്ടതും അനുപേക്ഷണീയമായി അവൎക്കു തോന്നി. മതതത്വങ്ങൾ നിഷ്പ്രയാസം ജനസാമാന്യത്തെ ഗ്രഹിപ്പിക്കുന്നതിനു പൊതുജനവിദ്യാഭ്യാസം ആരംഭിച്ചേ മതിയാവൂ എന്നു അവർ തീർച്ചയാക്കി. ഈ ഉദ്ദേശ്യത്തോടുകൂടി കൊച്ചി, വൈപ്പിക്കോട്ട, കടുത്തുരുത്തി, കൊടുങ്ങല്ലൂർ മുതലായ പല സ്ഥലങ്ങളിലും അവർ വിദ്യാലയങ്ങൾ ഏർപ്പെടുത്തി. കേരളത്തിലെ അധുനാതന വിദ്യാഭ്യാസരീതിക്കു മാതൃകകളായ ആദിമവിദ്യാഭ്യാസകേന്ദ്രങ്ങളും മേൽപറഞ്ഞവയാണെന്നു തോന്നുന്നു. പ്രസ്തുത വിദ്യാലയങ്ങളിൽ പോർട്ടുഗീസ്സ്, ലത്തീൻ, സംസ്കൃതം, തമിഴ്, മലയാളം എന്നീ ഭാഷകൾ പഠിപ്പിക്കുവാൻ തുടങ്ങി.

ഇപ്രകാരം വൈദേശികരീതിയിലുള്ള വിദ്യാഭ്യാസം ഇവിടെ ആരംഭിച്ചതോടുകൂടി അതിലേക്കു പററിയ ഗ്രന്ഥങ്ങളും ആവശ്യമായിത്തീർന്നു. ആ ആവശ്യത്തിലേയ്ക്കു് അവർ പലകൃതികളും രചിച്ചു. അവയുടെ പ്രസിദ്ധീകരണത്തിനായി 1577-നിടക്കു കൊച്ചി, വൈപ്പിക്കോട്ട, അമ്പഴക്കാട്ട് എന്നീ സ്ഥലങ്ങളിലായി ചില അച്ച

ടിശാലകളും അവർ ഏപ്പെടുത്തി. അവയിൽ ആദ്യത്തേതു കൊച്ചിയിലേതാണെന്നു തോന്നുന്നു. കേരളത്തിലെ ആദിമമുദ്രാലയവും അതുതന്നെ. യൂറോപ്പിൽ മുദ്രാലയപ്രസ്ഥാനം ആരംഭിച്ചു ഒരു ശതാബ്ദം പൂർത്തിയാകുന്ന സന്ദർഭത്തിലാണു് കേരളത്തിൽ ഇങ്ങനെ ഒരു മുദ്രാലയപ്രസ്ഥാനം അവർ ആരംഭിച്ചതെന്ന വസ്തുതകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

മുദ്രാലയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി കേരളത്തിൽ അനേകം പുസ്തകങ്ങൾ—ഗദ്യ പുസ്തകങ്ങളെ മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളു—മുദ്രണംചെയ്യാൻ ആരംഭിച്ചു. എന്നാൽ ആരംഭത്തിൽ അവയൊന്നും മലയാളാക്ഷരങ്ങൾകൊണ്ടല്ലായിരുന്നു അച്ചടിച്ചിരുന്നതു്. കേരളത്തിൽ തമിഴിന്നു് അന്നു ധാരാളം പ്രചാരമുണ്ടായിരുന്നു. അതിനാൽ തമിഴിലാണു് അവർ ആദ്യത്തെകൃതികൾ പലതും പുറപ്പെടുവിച്ചതു്. മലയാളാക്ഷരങ്ങൾകൊണ്ടുതന്നെ ഒന്നാമതായി ഒരു ഗ്രന്ഥം അച്ചടിച്ചതു 1772-ൽ റോമിൽവെച്ചത്രെ. "സംക്ഷേപവേദാർത്ഥം" എന്നായിരുന്നു അതിന്റെ പേർ. ആയിടക്കു റോമിൽനിന്നുതന്നെയാണു മലയാളാക്ഷരങ്ങൾ ആദ്യമായി ഇവിടെ കൊണ്ടുവന്നതും. മലയാളഗ്രന്ഥങ്ങൾ അച്ചടിക്കാവുന്ന അച്ചുകളും അച്ചടിശാലകളും ഇങ്ങനെ വന്നുചേർന്നതോടുകൂടി ഉണ്ടായമാററങ്ങൾ അത്ഭുതാവഹമെന്നേ പറയാവൂ. അനല്പമായ വ്യയംചെയ്തു താളിയോലകളിലും മററും പകർത്തി സമ്പന്നന്മാർ മാത്രം സൂക്ഷിക്കുമായിരുന്നഗ്രന്ഥങ്ങൾ സാധാരണന്മാർക്കും കരസ്ഥമാക്കാമെന്ന നില അതോടുകൂടി ഉണ്ടായിക്കഴിഞ്ഞു.

19-ാം നൂററാണ്ടിനുമുമ്പു വേറെയും ചില ഗദ്യകൃതികൾ ഉത്ഭവിക്കാതിരുന്നില്ല. 1599-ൽ ഉദയമ്പേരൂർ എന്ന സ്ഥലത്തുവെച്ചു നടന്ന വൈദികസഭയിലെ നിശ്ചയങ്ങൾ ആയിടക്കുതന്നെ ഒരു ഏതദ്ദേശീയൻ മലയാളത്തിലേക്കു തർജ്ജമചെയ്യുകയുണ്ടായി. ആലങ്ങാട്ടു ദേശീയനായ കരിയാററിൽ മല്പാന്റെ 'വേദതർക്കം', രാമപുരത്തുകാരൻ പാറേമ്മാക്കൽ തോമാക്കത്തനാരുടെ വർത്തമാനപുസ്തകം അഥവാ റോമായാത്ര എന്നിങ്ങനെ ചിലകൃതികളും ഈ കാലഘട്ടത്തിൽ ഉണ്ടായവയാണു്. ഇവയിൽ റോമായാത്ര, കൈരളീഗദ്യപ്രസ്ഥാനത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ഗ്രന്ഥമാകുന്നു. ഭാഷയിലെ ഒന്നാമത്തെ സഞ്ചാരവിവരണഗ്രന്ഥമാണിതു്. ഭാഷാരീതി ആധുനികഗദ്യശൈലിയിൽനിന്നു വളരെ വിദൂരമായ ഒന്നല്ല.

"ഈ നഗരിയിൽ തലപ്പെട്ട കൎത്തവ്യം രാജവാഴ്ച അല്ലാ മഹായോഗവാഴ്ചയത്രെ. ആകുന്നതിനെക്കൊണ്ടു മേൽപെട്ട പരിപാലനത്തിന്റെ വിചാരകാരരിൽ തലവനെ ദോജെ (Duke) എന്നു ചൊല്ലുമാറാകുന്നു. എന്നാൽ ഈ തലവൻ അനന്തരപ്പാടല്ലാതെ കഴലപ്പാടത്രെ ആകുന്നതിനെക്കൊണ്ടു മുമ്മൂന്നു ആണ്ടുകൂട്ടുമ്പോൾ വിചാരകാറരു എല്ലാവരുംകൂടി ദോജെ എന്ന ഈ തലവനെ മാറിമാറി കല്പിക്കുമാറാകുന്നു. വിശേഷിച്ചും ഒരു തലവനായ ആൾ ആ മഹായോഗവാഴ്ചയുടെ സമ്പത്തും കാൎയ്യവും വീൎയ്യവും ഒക്കെ അറിഞ്ഞിരിക്കുന്നതിനെക്കൊണ്ടു പിന്നെ ഒരിക്കലും ആ നഗരിക്കു പുറത്തുപൊയ്ക്കൂടാ പിന്നെയൊ, തന്റെ ആയുസ്സിന്റെ കാലമൊക്കയും ആയതിന്നകത്തു പാൎത്തേ മതിയാവൂ."

ഇന്നത്തെ ഗദ്യരീതിയോടു തട്ടിച്ചുനോക്കുമ്പോൾ 150 കൊല്ലങ്ങൾക്കുമുമ്പു എഴുതിയ ഈ ഗദ്യത്തിൽ പല വൈകല്യങ്ങളും കണ്ടേക്കും. എന്നാൽ പ്രസ്തുത കൃതിയെ ഇന്നത്തെ സാഹിത്യവുമായി തുലനംചെയ്യുന്നതു ന്യായമായിരിക്കയില്ല. കവി, കാലദേശാനുവൎത്തിയായിരിക്കണമെന്നുള്ള തത്വം ശരിയായി പാലിച്ചിട്ടുള്ള ഒരു മഹാനാണു അതിന്റെ കൎത്താവു്. തന്റെ ജീവിതകാലത്തു ജനസമുദായത്തിൽ പ്രചരിച്ചിരുന്ന ഭാഷാശൈലിയിൽതന്നെ സാഹിത്യനിൎമ്മാണം ചെയ്യുവാൻ മുതിൎന്നതിലാണു് തോമാക്കത്തനാരുടെ മഹത്വമടങ്ങിയിരിക്കുന്നതു്. ചമ്പൂകാരന്മാരെപ്പോലെ സംഭാഷണത്തിൽ ആരും ഉപയോഗിക്കാത്ത ഒരു കൃത്രിമശൈലി അദ്ദേഹം സ്വീകരിക്കയുണ്ടായിട്ടില്ല. ഈ ഗ്രന്ഥം നിൎമ്മിച്ചിരിക്കുന്നതു് അക്കാലത്തെ ഭാഷാശൈലിയിലാണെങ്കിലും അതു് ഇന്നത്തേതിൽനിന്നു ബഹുദൂരം അകന്നുനില്ക്കുന്നില്ല. വൎത്തമാനപ്പുസ്തകത്തിന്റെ സാഹിത്യപരമായ മേന്മകളെ പരിഗണിച്ചാൽ അതിന്റെ കൎത്താവായ തോമാക്കത്തനാർ മലയാളഭാഷാഗദ്യത്തിന്റെ ജനകൻ എന്ന ബഹുമതിയെ അൎഹിക്കുന്നുണ്ടെന്നു ന്യായമായി പറയാവുന്നതാണു്.

ഭഗവദ്ദൂതു് ഗദ്യം, ഗദ്യഭാഗവതം, ഉത്തരരാമായണം ഗദ്യം എന്നിങ്ങനെ ചില ഗ്രന്ഥങ്ങളും 19-ാം നൂറ്റാണ്ടിനു മുമ്പുതന്നെ ഉണ്ടായിട്ടുള്ളവയത്രെ. എന്നാൽ അവയിലെ ഗദ്യരീതി മിക്കവാറും പ്രബന്ധങ്ങളോടാണു് അടുത്തുകാണുന്നതെന്നു പറയാതെ തരമില്ല.

"ബദ്ധാഞ്ജലിപുടരായ് എഴുന്നീറ്റുനില്ക്കിന്റ മഹാജനത്തെ കണ്ടു ദയാപരനാകിന ശ്രീ ദാമോദരന്തിരുവടി ഇരുപ്പൂ എല്ലൊ ദ്രോ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ണാചാര്യൻ ഗാംഗേയപ്രമുഖരാകിന്നു മഹീപതിമാരുമാരിക്ക എൻററു ളിച്ചെയ്തു മന്ത്രശാലയിൽ സിംഹാസനത്തിന്മേൽ ഇരുന്നരുളുൻറവൻ ചിത്രപടത്തെക്കണ്ടു എന്നേദശ്നീയമിച്ചിത്രപടം കൗതൂഹലജനകം സവ്ജനമനോഹരം എൻററുളിച്ചെയ്തിൻറവൻ സൂക്ഷിച്ചുനോക്കി പരികുപിതനായ്" ×

ഇങ്ങനെയാണ് ഭഗവദ്ദൂതിലെ ഗദ്യരീതി.

"അരുളിച്ചെതാൻ മഹാനുഭാവനാകിയ ശ്രീവാത്മീകിമഹഷി കുശലവന്മാരെ നോക്കി, അഖിലലോകൈകമംഗല്യാംഗസമ്പന്നനായിരിക്കുന്ന ശ്രീരാമദേവന്തിരുവടി രാവണാദിരാക്ഷസരെ നിഗ്രഹിച്ചു തിരുവയോദ്ധ്യാപുരി പുക്കഭിഷേകം ചെതനുജനോട്ടും സീതാദേവിയോട്ടും കൗസല്യാദി മാതൃക്കളോട്ടും സുഗ്രീവാദിവാനരന്മാരോട്ടും ശ്രീവിഭീഷണാദിരാക്ഷസരോട്ടുംകൂടി രാജ്യപരിപാലനം ചെതിരുന്നപ്രകാരവും സ്വഗ്ഗാരോഹണപ്രകാരവും ശ്രീവാത്മീകി കുശലവന്മാക്കുപദേശം ചെയ്തു പഠിക്കപ്പെട്ട ഉത്തരരാമായണം സംക്ഷേപമായറിയിക്കുന്നേൻ *

എന്നിങ്ങനെയാണ് ഉത്തരരാമായണം ഗദ്യം ആരംഭിക്കുന്നതു്. ഈ കൃതികൾ ഓരോന്നും ഭിന്നഭിന്ന കാലങ്ങളിൽ ഉണ്ടായിട്ടുള്ളവയായിരിക്കണം. എന്നുവരികിലും ഇവയിലെ ഗദ്യശൈലിക്കു വലിയ അന്തരമില്ലെന്നുള്ളതു സ്പഷ്ടമാണ്. സംസ്കൃതനാടകാഭിനയത്തിൽ — ചാക്യാർകൂത്തിൽ — വിദൂഷകനെക്കൊണ്ടു പറയിക്കുന്ന ഭാഷാന്തരീകരണത്തിൻെറ കേവലമായ ഒരു അനുകരണം മാത്രമാണീവക ഗദ്യങ്ങൾ. ഇന്നും കൂത്തു, പാഠകം മുതലായവയിൽ ശ്രോതാക്കളെ വിനോദിപ്പിക്കുന്നതിനായി പ്രയോഗിക്കുന്ന ഗദ്യത്തിൻെറ സ്വഭാവവും മിക്കവാറം മേലുദ്ധരിച്ച ഗദ്യകൃതികളുടേതിൽനിന്നു് അധികം ഭിന്നമായിരിക്കുന്നില്ല. ഒരു പക്ഷേ ഭാഗവത രാമായണാദി പുരാണേതിഹാസങ്ങളെ പാഠകക്കാക്കും മററം സരസമായി കഥനം ചെയ്യുന്നതിനുവേണ്ടി ഗദ്യരൂപത്തിൽ ചിലർ വിവത്തനം ചെയ്തതായിരിക്കാം മേൽപ്പറഞ്ഞ കൃതികൾ എന്നു കൂടി കരുതാവുന്നതാണ്. അതുകൊണ്ടുതന്നെയായിരിക്കാം ഇവ സംസ്കൃതശൈലിയുടെ സീമയെ അതിലംഘിക്കാതെ വ്യാപരിക്കുന്നതെന്നും പറയേണ്ടിയിരിക്കുന്നു. ആധുനിഭാഷാഗദ്യത്തിൻെറ ഉല്പത്തി— അതിൻെറ രൂപവൽക്കരണം — ഈദൃശഗദ്യങ്ങളിൽനിന്നല്ലെന്നു് — ഇവയുടെ കരുവു പിടിച്ചു

× ദൂതവാക്യം പു. 39. * ഉത്തരരാമായണം പു. 1.

ല്ലെന്നു് — ഈ രണ്ടു രീതികളേയും സൂക്ഷ്മമായി താരതമ്യം ചെയ്തുനോക്കുന്ന സാഹിത്യശാസ്ത്രനിഷ്ണാതന്മാർ സമ്മതിക്കുമെന്നുതന്നെയാണു എന്റെ വിശ്വാസം. 'സംസ്കൃതത്തിനു ശരിയായ ഒരു ഗദ്യരീതി ഏർപ്പെട്ടിട്ടില്ല' എന്നു കേരളപാണിനി പ്രസ്താവിച്ചിട്ടുള്ളതിന്റെ ആന്തരവും ഈ അവസരത്തിൽ അനുസ്മരണീയമാകുന്നു.

ഇതേവരെ പ്രസ്താവിച്ചതിൽനിന്നും ഭാഷയിൽ ഗദ്യകൃതികൾ പ്രാചീനകാലം മുതൽക്കെ ഉണ്ടായിട്ടുണ്ടെന്നും, എന്നാൽ അവയുടെ മാതൃകയെ സ്വീകരിച്ചുകൊണ്ടല്ല, ഇന്നത്തെ ഭാഷാഗദ്യം രൂപീകരിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാകുന്നു. തന്നെയുമല്ല 19-ാം നൂറ്റാണ്ടിനുമുമ്പുതന്നെ പാശ്ചാത്യമാതൃകയെ അനുകരിച്ചുള്ള ചില ഗദ്യകൃതികൾ മലയാളത്തിൽ പകർന്നുകഴിഞ്ഞുവെന്നും സ്പഷ്ടമാകുന്നു. ഇൻഡ്യയിലെ ദേശീയഭാഷകളിൽ തമിഴ്ഭാഷയെ കഴിച്ചാൽ മലയാളത്തിലല്ലാതെ മറ്റൊരു ഭാഷയിലും ഗദ്യഗ്രന്ഥങ്ങൾ ഉണ്ടായിട്ടില്ലെന്നുള്ള വസ്തുതകൂടി ഈ അവസരത്തിൽ പ്രസ്താവയോഗ്യമത്രെ. ബങ്കാളിയിൽ 1820-നോടടുത്താണു് ഗദ്യഗ്രന്ഥങ്ങൾ ഉണ്ടായിട്ടുള്ളതെന്നറിയുന്നു. ഹിന്ദിയിലും അധികം വിദൂരമായ കാലത്തല്ലാ ഗദ്യകൃതികളുടെ ആവിർഭാവം. ഈ നിലയിൽ കേരളീയരായ നമുക്കു കൂടുതൽ അഭിമാനത്തിനു വകയുണ്ടെന്നു പറയേണ്ടതില്ലല്ലൊ.

മേൽപ്രകാരം പാശ്ചാത്യസാഹിത്യത്തെ അനുകരിച്ചു ഭാഷാഗദ്യകൃതികളിൽ ചിലതു് ഉത്ഭവിച്ചുവെങ്കിലും, ആധുനിക ഗദ്യത്തിന്റെ ഉത്തമമാതൃക ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടി മാത്രമാണു് ആവിർഭവിച്ചിട്ടുള്ളതെന്നും പറയാതെ തരമില്ല. കൊല്ലവർഷം ആയിരാമാണ്ടോടടുത്താണു കേരളത്തിൽ ആംഗ്ലേയവിദ്യാഭ്യാസം ആരംഭിച്ചതു്. അതോടുകൂടി നമ്മുടെ ഗദ്യസാഹിത്യത്തിനു സിദ്ധിച്ച ഉണർവ്വു് അത്ഭുതപൂർവ്വമെന്നേ പറയാവൂ. പ്രസ്തുതവിദ്യാഭ്യാസത്തിന്റെ പരിണതഫലമായി ചെങ്ങന്നൂർ ദേശക്കാരനായ റവ: ജോർജ്ജുമാത്തൻ അഥവാ ഗീവറുഗീസു കത്തനാർ എന്നൊരാൾ 1030-ാമാണ്ടിനോടടുത്തു പല നല്ല ഗദ്യകൃതികളും ഭാഷയിൽ നിർമ്മിക്കുകയുണ്ടായി. ആധുനികഗദ്യസാഹിത്യത്തിന്റെ ഉത്തമമാതൃക അദ്ദേഹത്തിന്റെ ഗദ്യങ്ങളിലാണു് നാം കാണുന്നതു്. മലയാഴ്മയുടെ വ്യാകരണം, (കൊല്ലവർഷം 1027) സത്യവാദഖേടം (1036) സംയുക്തി, (1037) സംവാദം, (1039) ബാലാഭ്യസനം (1042) എന്നിങ്ങനെ പല സൽകൃതികളും ആ മഹാൻ ഭാഷാദേവിക്കു സമർപ്പിച്ചി

M.958

ട്ടുണ്ടു്. ഇവയ്ക്കു പുറമെ, അനേകം പ്രൗഢോപന്യാസങ്ങളും വിമർശന ങ്ങളും അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായും കാണുന്നുണ്ടു്. രചനയുടെ സാമാന്യസ്വഭാവം കാണിക്കുവാൻ ചിലഭാഗങ്ങൾ ഇവി ടെ ഉദ്ധരിക്കാം:—

"അഖിലാണ്ഡം ബ്രഹ്മമാകുന്നു. ഈ ഉക്തി വേദാന്തഉപനി ഷത്തുകളിൽ ഒക്കെയും ഭാഷമാററമായി പിന്നേയും പിന്നേയും ആവ ർത്തിക്കപ്പെട്ടിരിക്കുന്നു; അഖിലാണ്ഡം അവനിൽനിന്നു് ഉത്ഭവിച്ച തു് ഇന്നപ്രകാരമെന്നു കാണിക്കുന്നതിനു വളരെ നിദർശനങ്ങളെയും അവയിൽ കാണുന്നു. ചിലന്തിയിൽനിന്നു നൂലും, ഭൂമിയിൽനിന്നു സസ്യവും, ജീവജന്തുക്കളിൽനിന്നു രോമവും ഏതുപ്രകാരം ഉണ്ടാകുന്നു വോ അപ്രകാരം അക്ഷയഭൂതമായ ബ്രഹ്മത്തിൽനിന്നു് അഖിലാണ്ഡം ഉണ്ടായിരിക്കുന്നു.'

ഇതു് 'അദ്വൈതം' എന്ന വിഷയത്തെപ്പററി അദ്ദേഹം 1040-ാമാണ്ടു് എഴുതിയിട്ടുള്ള ഒരു ഉപന്യാസത്തിൽനിന്നാണു്. ഇ നി വേറൊന്നു നോക്കുക:—

എന്നാൽ ഭൂലോകത്തിൽ മനുഷ്യൻ തന്നെ പ്രധാനി എന്നുള്ള തു തക്കമററ ഒരു സംഗതിയാകുന്നു. കൊള്ളാം. ഈ ശ്രേഷ്ഠത അവ നു വന്നതു് എങ്ങനെ? ദേഹശക്തിയിൽനിന്നല്ല. അതു നോക്കു മ്പോൾ ജീവജന്തുക്കളിൽ പലവകയും മനുഷ്യനേക്കാൾ ബലം കൂടി യവയായിരിക്കുന്നു. സിംഹം, കടുവാ, മുതലായവ അവനേക്കാൾ ഊററപ്പെട്ടവ എന്നു വരികിലും അവ അവനെ ഭയന്നു കാട്ടിലേക്കു ഓടി ഒളിക്കുന്നു. കാള, പോത്തു മുതലായതിനെക്കൊണ്ടു അവൻ വേല ചെയ്യിച്ചു ഉപജീവനം കഴിക്കുന്നു. ആനയും കുതിരയും മററും അവനെ വഴങ്ങി അവനു വാഹനമായിത്തീരുന്നു. പിന്നെ, അവ ന്റെ അംഗങ്ങളുടെ ചാതുര്യത്തിൽനിന്നൊ അവനു വലിപ്പമുണ്ടായി രിക്കുന്നതു്? വാളു്, പരിച മുതലായ ആയുധങ്ങളെ കൂടാതെ വെറും കൈകൊണ്ടു യാതൊരു വലിയ മൃഗത്തോടും നേരിടുവാൻ അവനു വ(ശ)മില്ല. നേരെ മറിച്ചു മൃഗാദികൾക്കു രക്ഷയ്ക്കും പോരിനും വേണ്ടു ന്ന കരുക്കളായ കൊമ്പും തോലും പല്ലും നഖവും അവെക്കു ജാത്യമാ യിരിക്കുന്നു; പിന്നെ, അവന്റെ ഉന്നതിയുടെ കാരണം എന്തു്? അതു് അവന്റെ അറിവിന്റെ വിശേഷം എന്നേ പറവാനുള്ളു. അ റിവു ശക്തിയാകുന്നു എന്നു ചൊല്ലുണ്ടല്ലൊ."

ശിക്ഷാക്രമപരിശീലനത്തെക്കുറിച്ച 1042-ൽ അദ്ദേഹം എഴുതിയിട്ടുള്ള ലഘുവായ ഒരു ശാസ്ത്രീയവ്യവഹാരഗ്രന്ഥത്തിൽനിന്നു് എടുത്തിട്ടുള്ളതാണു പ്രസ്തുത ഭാഗം. ഈ ഉദ്ധരണങ്ങളിൽനിന്നു ഗീവറുഗീസു കത്തനാരുടെ കൃതികൾക്കു് ആധുനികഭാഷയോടുള്ള ബന്ധം വ്യക്തമാകുന്നുണ്ടല്ലോ. ആറേഴു വ്യാഴവട്ടങ്ങൾക്കു മുമ്പു എഴുതിയ ഗദ്യമാണിവയെന്നു നവീനന്മാരെ പറഞ്ഞറിയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അത്രത്തോളം ഇന്നത്തെ ഗദ്യരീതിയോടു് അതു് അനുബന്ധിച്ചുനില്ക്കുന്നു. സാങ്കേതികമാർഗ്ഗത്തിലും സാഹിത്യരൂപത്തിലും ഇംഗ്ലീഷുഭാഷയെ മാതൃകയാക്കിക്കൊണ്ടിരിക്കുന്ന ആധുനികഗദ്യസാഹിത്യത്തിന്റെ അടിസ്ഥാനം കത്തനാരുടെ പ്രസ്തുത കൃതികളിൽ സുവ്യക്തം പ്രകാശിച്ചു കാണുന്നുണ്ടു്. വൈശദ്യം, ഊർജ്ജസ്വലത, ലാളിത്യം, മനോഹാരിത പ്രസാദം എന്നു തുടങ്ങിയ ഗുണങ്ങളാൽ ലാളിതമോ മേളിതമോ ആയ ഒരു ഉത്തമഗദ്യശൈലിയാണു് അവയിൽ ഓരോന്നിലും തെളിഞ്ഞുവിളങ്ങുന്നതു്. ഇതിനു മുമ്പുണ്ടായിട്ടുള്ള കൃതികൾ ഒന്നിലും ഇത്രത്തോളം വ്യക്തിത്വമോ, ജീവൽഭാഷാസമ്പർക്കമോ ഇല്ലെന്നുള്ളതു സ്പഷ്ടമാണു്. ഈ വക സംഗതികൾ ആലോചിക്കുമ്പോൾ ആധുനികഭാഷാഗദ്യശൈലിയുടെ ആദ്യമാതൃകാപ്രദർശകനായി ഗീവറുഗീസു കത്തനാരെ സാഹിത്യലോകം സമാരാധിക്കുന്നതു സമീചീനമായിരിക്കുമെന്നു തോന്നുന്നു.

ആധുനികഗദ്യശൈലിയുടെ മാതൃകാപ്രദർശകൻ എന്ന നിലയിൽ ഗീവറുഗീസു കത്തനാർ വിരാജിക്കുന്നുണ്ടെങ്കിലും, ആധുനികഗദ്യസാഹിത്യത്തിന്റെ പരിപോഷണപരിശ്രമങ്ങൾ അധികവും നിർവ്വഹിച്ചിട്ടുള്ളതു സാഹിത്യസാർവ്വഭൌമനായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നുവെന്നുള്ള വസ്തുത സുപ്രസിദ്ധമാണു്. 1040-ാമാണ്ടത്രെ തിരുവിതാംകൂറിൽ ഇന്നു കാണുന്ന നാട്ടുഭാഷാവിദ്യാലയങ്ങൾ ഏർപ്പെടുത്തിയതു്. അന്നു് ആ വിദ്യാലയങ്ങളിലേയ്ക്കു് ആവശ്യമായ പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കുന്ന കമ്മററിയിലെ ഒരംഗമായിരുന്നു തിരുമനസ്സുകൊണ്ടു. 1042-ാമാണ്ടു മുതൽ അതിന്റെ അധ്യക്ഷനായും തീൎന്നു. ഈ ഘട്ടത്തിലാണു ഭാഷാഗദ്യസാഹിത്യത്തിന്റെ ദാരിദ്ര്യം തിരുമനസ്സിലേയ്ക്കു മനസ്സിലായതു്. അതിന്റെ ഉപശാന്തിക്കായി അക്ബർ, വിജ്ഞാനമഞ്ജരി, സന്മാർഗ്ഗപ്രകാശിക എന്നു തുടങ്ങിയ ചില ഗ്രന്ഥങ്ങൾ അവിടുന്നുതന്നെ നിർമ്മി

ക്കുകയും, ആംഗലഭാഷാഭിജ്ഞന്മാരായ മററു പണ്ഡിതന്മാരെക്കൊണ്ടു് അനേകം ഗ്രന്ഥങ്ങൾ രചിപ്പിക്കയും ചെയ്തു. അങ്ങനെ,

മുട്ടുപിടിച്ചുനിന്നൊട്ടു നടക്കയും
പെട്ടന്നു വീഴ്കയും കേഴുകയും

എന്ന മട്ടിൽ കഴിഞ്ഞുകൂടിയിരുന്ന ഭാഷാശിശുവിനെ തിരുമനസ്സു കൊണ്ടു് എടുത്തു നാനാവിധത്തിൽ താലോലിച്ചും സംരക്ഷിച്ചും കൗമാരദശയിൽ എത്തിച്ചു. ഈ നിലയിൽ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ഭാഷാസാഹിത്യകുടുംബത്തിലെ പ്രാരംഭപോഷകൻ എന്ന പേരിനെ അന്വൎത്ഥമാക്കിച്ചെയ്യുന്നു.

ക്രമേണ യൗവനദശയിലേയ്ക്കു കാലൂന്നിത്തുടങ്ങിയ കൈരളീകന്യകയെ, യൗവനസഹജമായ ചാപല്യങ്ങൾക്കും പ്രേരണകൾക്കും അധീനയായി അപഥസഞ്ചാരം ചെയ്യാതിരിക്കുവാൻവേണ്ടി, കേരളവൎമ്മ തിരുമനസ്സിലെ പ്രിയഭാഗിനേയനും ശിഷ്യാഗ്രഗണ്യനുമായ പ്രഫസർ രാജരാജവൎമ്മതമ്പുരാൻ സാഹിത്യസാഹ്യം മുതലായ ആത്മജ്ഞാനോപദേശഗ്രന്ഥങ്ങൾകൊണ്ടു വേണ്ടവിധത്തിൽ നിയന്ത്രിക്കുവാൻ മുതിൎന്നു. അദ്ദേഹം അങ്ങനെ അമ്മാവനിൽനിന്നു കാരണവസ്ഥാനം ഏററുവാങ്ങി കുറെക്കാലം സാഹിത്യലോകത്തിലെ ഏകഛത്രാധിപതിയായി കേരളമൊട്ടുക്കു ഭരണം നടത്തുകതന്നെ ചെയ്തു. പ്രഫസർ തിരുമേനിയുടെ ഭരണവും ശിക്ഷണവുംകൊണ്ടു കൈരളീഗദ്യമഹിള വ്യവസ്ഥാപിതമായ ഒരു നിലയിലേയ്ക്കു എത്തിച്ചേൎന്നുവെന്നു നിരാക്ഷേപം പറയാം. അതിനാൽ കേരളീയരുടെ അഗ്രപൂജയ്ക്കു സൎവ്വഥാ അൎഹനാണു ദിവംഗതനായ കേരളപാണിനി എന്നുള്ളതിനു യാതൊരു സംശയമില്ല.

കേരളകാളിദാസന്റേയും കേരളപാണിനിയുടേയും കാലത്തു തന്നെ ജീവിച്ചിരുന്നു സാഹിത്യസേവ ചെയ്തിട്ടുള്ള പൂജ്യപാദന്മാരിൽ ചിലരുടെ നാമധേയമെങ്കിലും ഈ അവസരത്തിൽ അനുസ്മരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഫലിതമയമായ വിമൎശനോപന്യാസങ്ങൾ എഴുതി കേസരി എന്ന പേരിൽ സുപ്രസിദ്ധനായിതീൎന്നിട്ടുള്ള വേങ്ങയിൽ കുഞ്ഞുരാമനായനാർ, ഇന്ദുലേഖ, ശാരദ എന്നീ സാമുദായികനോവലുകൾകൊണ്ടു സമുദായപരിഷ്കൎത്താവായി വിളങ്ങുന്ന ഒ. ചന്തുമേനോൻ, മാൎത്താണ്ഡവൎമ്മ, ധൎമ്മരാജ എന്നു തുടങ്ങിയ സ്വതന്ത്രചരിത്രനോവലുകൾ വിരചിച്ചു കേരളസാഹിത്യക്ഷേത്രത്തിലെ കെടാവിളക്കായി പ്രകാശിക്കുന്ന സി. വി. രാമൻപിള്ള, അവരെ അനുഗമിച്ചു

സാഹിത്യസേവനം ചെയ്തിട്ടുള്ള സി. അന്തപ്പായി, ആർ. ഈശ്വര പിള്ള, പി. കെ. നാരായണപിള്ള, ശേഷഗിരിപ്രഭു, സി. അച്യുത മേനോൻ, കെ. രാമകൃഷ്ണപിള്ള, കൊട്ടാരത്തിൽ ശങ്കുണ്ണി, ഈ. വി. കൃഷ്ണപിള്ള എന്നു തുടങ്ങിയ മഹാരഥന്മാരുടെ നാമധേയങ്ങൾ ഇവിടെ സവിശേഷം സ്മരണീയമാണു്. ഭാസ്കരമേനോൻ, ഭൂതരായർ എന്നിവയുടെ നിർമ്മിതിയാൽ ആരാധ്യനായി തീർന്നിട്ടുള്ള മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലെപ്പററി ഇവിടെ ആരോടും ഒന്നു പറയേണ്ടതായിട്ടില്ല. മലയാളഗദ്യസാഹിത്യത്തിൻെറ അഭിവൃദ്ധിക്കായി ഇത്രയേറെക്കാലം നിരന്തരപരിശ്രമം ചെയ്തിട്ടുള്ള ഒരു മഹാപുരുഷൻ കേരളഭൂമിയിൽ ഉണ്ടോ എന്നുതന്നെ സംശയമാണു്. മഹാകവി ഉള്ളൂർ, സാഹിത്യകുശലൻ, ടി. കെ. കൃഷ്ണമേനോൻ, മൂക്കോത്തു കുമാരൻ, കുന്നത്തു ജനാർദ്ദനമേനോൻ, സി. വി. കുഞ്ഞുരാമൻ, ഡി. പത്മനാഭനുണ്ണി, ജോസഫ് മുണ്ടശ്ശേരി, സി. എസ്സ്. പോററി, ചേലന്നാട്ടു് അച്യുതമേനോൻ, സി. എസ്സ്. നായർ, തെങ്ങുമൂട്ടിൽ വറുഗീസ്സു മാപ്പിള, മാണിക്കത്തനാർ, എ. ഡി. ഹരിശർമ്മ, മള്ളൂർ, ഐ. സി., ബാലകൃഷ്ണവാര്യർ, മയ്യനാട്ടു ജോൺ, എം. പി. പോൾ, പള്ളത്തു രാമൻ, കെ. എം. പണിക്കർ, പുത്തേഴത്തു രാമൻമേനോൻ, പി. അനന്തൻ പിള്ള, കെ. വി. എം., കുട്ടികൃഷ്ണമാരാർ, മുതലായവർ ഭാഷാഭിവൃദ്ധിക്കായി ചെയ്തിട്ടുള്ള യത്നങ്ങളും ഈ അവസരത്തിൽ അവിസ്മരണീയമായിരിക്കുന്നു. തരവത്തു് അമ്മാളുഅമ്മ, ബി. കല്യാണിഅമ്മ, സാഹിത്യസഖി, ടി. സി. കല്യാണിയമ്മ, കരിമ്പററ് ലക്ഷ്മിക്കുട്ടിനേത്യാരമ്മ, ആനന്ദവല്ലിയമ്മ, എന്നു തുടങ്ങിയ മഹതികളുടേയും സ്മരണ ഈ അവസരത്തിൽ ആരുടേയും ഹൃദയത്തിൽ ഉദിക്കുകതന്നെ ചെയ്യും.

ഭാഷാഗദ്യസാഹിത്യത്തിൻെറ അഭിവൃദ്ധിക്കായി പത്രമാസികകൾ ചെയ്തിട്ടുള്ളതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ സേവനങ്ങൾ മറെറാന്നിനോടും തുല്യപ്പെടുത്തി പറയാവുന്നതല്ല. ഗോകർണ്ണം മുതൽ കന്യാകുമാരിപര്യന്തമുള്ള കേരളഭൂമിയിൽ അങ്ങുമിങ്ങുമായി അറിയാതെ കഴിയുന്ന കേരളീയരെ പരസ്പരം പരിചയപ്പെടുത്തുകയും, അവരുടെ ആശയാദർശങ്ങൾക്കു സാരൂപ്യവും, വേഷഭാഷകൾക്കു ഐകരൂപ്യവും, ഇന്നു കാണുന്ന രീതിയിൽ ഇത്രത്തോളമെങ്കിലും വരുത്തിയിട്ടുള്ളതു പത്രമാസികകളാണെന്നു നിസ്സംശയം പറയാം. തെക്കൻഭാഷ, വടക്കൻഭാഷ, നാട്ടുഭാഷ, നഗരഭാഷ, നമ്പൂതിരിഭാഷ, പറങ്ങോടിഭാഷ എന്നിങ്ങനെയുള്ള വിഭാഗോപാധികളെല്ലാം ശുദ്ധിപ്പെടുത്തി

അവയെ ഒരു ചരടിലിണക്കിക്കോൎക്കുവാൻ പത്രമാസികകൾ പരിശ്രമിച്ചിട്ടുള്ളതുപോലെ ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ യത്നിക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ളതു നിരാക്ഷേപമാകുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ പ്രചാരത്തോടുകൂടിയാണ് കേരളത്തിൽ പത്രങ്ങളും മാസികകളും ആരംഭിച്ചിട്ടുള്ളത്. കോട്ടയം സി. എം. എസ്. പ്രസ്സിൽനിന്നും 1016-ാമാണ്ടു പുറപ്പെട്ട "വിജ്ഞാനനിക്ഷേപമാണു കേരളത്തിലെ മലയാളവൃത്താന്തപത്രങ്ങളിൽ ഒന്നാമത്തേതെന്നു തോന്നുന്നു. അനന്തരം 1035-ൽ കൊച്ചിയിൽനിന്നു പശ്ചിമതാരകയും, 1052-ൽ വരാപ്പുഴെനിന്നു സത്യനാദവും ആരംഭിച്ചിട്ടുള്ളതായറിയുന്നു. പ്രസ്തുതപത്രങ്ങൾക്കുശേഷമായിരിക്കണം, ബാക്കി പത്രങ്ങൾ എല്ലാം ഉത്ഭവിച്ചിട്ടുള്ളത്.

മലയാളത്തിലെ ആദിമപത്രങ്ങൾ ഏതുതന്നെയുമായിരുന്നുകൊള്ളട്ടെ. കോട്ടയത്തുനിന്നു കണ്ടത്തിൽ വറുഗീസുമാപ്പിള അവർകളുടെ ആധിപത്യത്തിൽ പുറപ്പെട്ടിരുന്ന മലയാളമനോരമയാണ് ആരംഭത്തിൽ കേരളസാഹിത്യത്തേയും സാഹിത്യകാരന്മാരേയും കൂടുതലായി സഹായിക്കയും പോഷിപ്പിക്കയും ചെയ്തിട്ടുള്ള മലയാളവൎത്തമാനപ്പത്രം. വിശിഷ്ടസാഹിത്യകാരന്മാരെ അഭിനന്ദിച്ചു പ്രോത്സാഹിപ്പിക്കുന്നതിനും, തദിതരന്മാരെ പരിഷ്കരിച്ചു ഗുണകോടിയിലെത്തിക്കുന്നതിനും മനോരമയും അതിൻെറ അധിപതിയും ചെയ്തിട്ടുള്ള അവ്യാജപരിശ്രമങ്ങൾ ഭാഷാപ്രണയികളിൽ ഒരാളും വിസ്മരിക്കുവാൻ ഇടയുള്ളതല്ല. "വറുഗീസുമാപ്പിള അവർകളുടെ പ്രോത്സാഹനമില്ലായിരുന്നു എങ്കിൽ ഞാൻ ഭാഷാസാഹിത്യത്തിൽ പ്രവേശിച്ചു പ്രവൎത്തിക്കാൻ സംഗതിവരികയില്ലായിരുന്നു" എന്നു സുപ്രസിദ്ധഗദ്യകാരനായ മൂൎക്കോത്തുകുമാരൻ അവർകൾ പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നു. മി. കുമാരനെപ്പോലെതന്നെ പേരും പെരുമയും സിദ്ധിച്ചിട്ടുള്ള അനേകം പേർ ആ പത്രപ്രവൎത്തകൻെറ പ്രോത്സാഹനത്താൽ കേരളസാഹിത്യക്ഷേത്രത്തിലെ വിശിഷ്ടാരാധകന്മാരായി തീൎന്നിട്ടുണ്ടെന്നുള്ളത് മറക്കത്തക്കതോ മറയ്ക്കത്തക്കതോ അല്ല. പത്രപ്രവൎത്തനത്തിൻെറ ഉന്നതാദൎശങ്ങളാൽ പ്രേരിതനായി—അല്ലാ സ്വഭാഷാഭിമാനത്താൽ വിജൃംഭിതനായി—വൎത്തിച്ചിരുന്ന വറുഗീസുമാപ്പിള വലിയ കോയിത്തമ്പുരാനോടു തുല്യമായോ, ഒരുപക്ഷേ അദ്ദേഹത്തെക്കാൾ കൂടുതലായോ സാഹിത്യപോഷണവും പ്രചാരണവും വരുത്തിയിട്ടുണ്ടെന്നു അതിശയോക്തിസ്പൎശംകൂടാതെ പറയാം. ഇന്നും മാതൃഭൂ

മി, മലയാളരാജ്യം, ദീപിക മുതലായ പത്രങ്ങൾ സ്വഭാഷാഭിവൃദ്ധിക്കായി യത്നിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നുള്ളതു നമുക്കു ചാരിതാത്ഥ്യജനകമാണ്.

പത്രങ്ങളെപ്പോലെതന്നെ, ഒരുപക്ഷേ ചില അംശങ്ങളിൽ അവയേക്കാൾ കൂടുതലായിതന്നെ സാഹിത്യപോഷണം ചെയ്തിട്ടുള്ളതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രസിദ്ധീകരണങ്ങളാണു മാസികകൾ. വിദ്യാവിനോദിനി, രസികരഞ്ജിനി, ആത്മപോഷിണി, മംഗളോദയം, കവനോദയം, കഥാകൗമുദി, കേരളം, സഹൃദയ തുടങ്ങിയ മാസികകൾ ആധുനികഗദ്യസാഹിത്യത്തിന്റെ വളച്ച്യക്കു വളരെ പ്രേരകമായി തീന്നിട്ടുണ്ടെന്നു സമ്മതിക്കണം. പഴയ ഭാഷാപോഷിണിയുടെ കാര്യം പറയേണ്ടതില്ലല്ലോ. ഇന്നും, കൈരളി, ഗുരുനാഥൻ, പരിഷത്ത്ത്രൈമാസികം, മാതൃഭൂമി ആഴ്ചപ്പതിപ്പ് തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ സാഹിത്യത്തിന്റെ നാനാവിധമായ വികാസത്തെ പുരസ്കരിച്ചു പ്രവത്തിച്ചുകൊണ്ടാണിരിക്കുന്നതു്.

പത്രമാസികകൾ ഭാഷാഭിവൃദ്ധിക്കായി ചെയ്തിട്ടുള്ളതെന്തെല്ലാം എന്നു വിവരിക്കുന്നതിനേക്കാൾ എളുപ്പം, അതുകൾ വഴിക്കല്ലാതെ ഭാഷയിൽ ഉത്ഭവിക്കയോ വളരുകയോ ചെയ്തിട്ടുള്ള സാഹിത്യപ്രസ്ഥാനങ്ങൾ വല്ലതുമുണ്ടോ എന്ന് ആലോചിക്കുന്നതാണു്. പ്രബന്ധങ്ങൾ, നിരൂപണങ്ങൾ, നോവലുകൾ, ചെറുകഥകൾ, പ്രഹസനങ്ങൾ, ജീവചരിത്രം, ദേശചരിത്രം, യാത്രാവിവരണം, ഗദ്യനാടകം എന്നു തുടങ്ങിയ പ്രസ്ഥാനങ്ങൾ ഭാഷയിൽ ഇത്രത്തോളം വദ്ധിക്കുവാൻ കാരണം പത്രമാസികകളത്രെ.

ഭാഷാഗദ്യത്തിന്റെ അഭിവൃദ്ധിയിൽ ഗണ്യമായ സഹായം നൽകിക്കൊണ്ടിരുന്ന ഒരു വിഭാഗമാകുന്നു ഉപന്യാസങ്ങൾ. ഗദ്യകൃത്തുകളിൽ ഭൂരിഭാഗവും പ്രബന്ധകാരന്മാരുമത്രെ. സ്വതന്ത്രങ്ങളായും ഇംഗ്ലീഷിൽനിന്നു വിവത്തനങ്ങളായും അനുകരണങ്ങളായും ഒട്ടുവളരെ വിശിഷ്ടോപന്യാസങ്ങൾ ഭാഷയിൽ ആവിർഭവിച്ചു കഴിഞ്ഞിട്ടുണ്ടു്. ഗദ്യമാലിക, ഗദ്യരത്നാവലി, മംഗളമാല, പ്രബന്ധമഞ്ജരി, സാഹിത്യമഞ്ജുഷിക, വിജ്ഞാനദീപിക, ചിന്താസന്താനം, ഉപന്യാസമാല, പ്രബന്ധദീപിക, പ്രബന്ധരത്നാവലി എന്നിങ്ങനെയുള്ള പലപല പേരുകളിൽ സാഹിത്യത്തിലെ വലിയൊരു പങ്കും പ്രബന്ധങ്ങളാണെന്നുള്ള വസ്തുത ആലോചിച്ചാൽ ആധുനികഗദ്യസാഹിത്യത്തിൽ അതിനുള്ള സ്ഥാനം ഏകദേശം നിണ്ണയിക്കാവുന്നതാണു്. ആർ. ഈശ്വ

രപിള്ള മുതലായവരുടെ നാമധേയങ്ങൾ ഈ പ്രസ്ഥാനത്തിൽ സുസ്മരണീയങ്ങളാകുന്നു.

രാഷ്ട്രീയം, സാമുദായികം, സാഹിത്യപരം എന്നിങ്ങനെ വിവിധങ്ങളായ നിരൂപണങ്ങൾ പത്രപംക്തികളിൽ കാണാറുണ്ടു്. ഇവയിൽ സാഹിത്യനിരൂപണത്തെ മാത്രമേ ഇവിടെ സ്പൃശിക്കുന്നുള്ളു. ഭാഷയിലെ ഇന്നത്തെ നിരൂപണങ്ങൾക്കു മാർഗ്ഗദർശി ഇംഗ്ലീഷ് സാഹിത്യമത്രേ. ഗ്രന്ഥത്തിൻെറ ഗുണദോഷങ്ങളെ നിരൂപിച്ചു് അതിനു സാഹിത്യത്തിലുള്ള ഒരു സ്ഥാനം നിർദ്ദേശിക്കുന്നതാണല്ലോ നിരൂപണം. എന്നാൽ ഭാഷയിലെ നിരൂപണം, പലപ്പോഴും ആത്മാർത്ഥതയില്ലായ്കയാൽ അന്തസ്സാരവിഹീനമായും, വ്യക്തിപരമായും വർഗ്ഗീയമായും തീൎന്നു സാഹിത്യത്തെ കുറച്ചധികം ദൂഷിപ്പിച്ചിട്ടുണ്ടെന്നും ദൂഷിപ്പിക്കുന്നുണ്ടെന്നും സവ്യഥം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ പത്രമാസികകൾ പ്രതിദിനം പാരായണംചെയ്തുകൊണ്ടിരിക്കുന്ന നിങ്ങളുടെ മുമ്പിൽ ഉദാഹരണങ്ങൾ എടുത്തു കാണിക്കുന്നതു് അനുചിതമായിരിക്കുകയേ ഉള്ളു. പുസ്തകങ്ങളുടെ അവതാരികാകാരന്മാരിൽ ചിലരും ഈ വർഗ്ഗത്തിൽ ഉൾപ്പെടാതിരിക്കുന്നില്ല. നിരൂപണം വായനക്കാൎക്കു മാർഗ്ഗദർശനം ചെയ്യേണ്ട ഒന്നാണെങ്കിൽ—സാഹിത്യരസാസ്വാദനത്തിനു വായനക്കാരെ ശക്തന്മാരാക്കിത്തീർക്കേണ്ട ഒന്നാണെങ്കിൽ—അതിനു പകരം വിപരീതഫലം മാത്രമേ ഈദൃശനിരൂപണങ്ങൾകൊണ്ടു സിദ്ധിക്കുന്നുള്ളു.

ഇന്നത്തെ നിരൂപണങ്ങളിൽ മുഖ്യമായി രണ്ടു സാങ്കേതികമാൎഗ്ഗങ്ങളാണു പ്രകാശിച്ചു കാണുന്നതു്. 'ആലങ്കാരികന്മാരുടെ വിധികളേയോ പ്രാമാണികന്മാരായ സാഹിത്യകാരന്മാരുടെ കൃതികളേയോ മാത്രം ആസ്പദിച്ചു നിരൂപണം ചെയ്യുന്ന ക്ലാസിക്കു സാങ്കേതികമാർഗ്ഗമാണു് ഒന്നാമത്തേതു്. നിരൂപണവിഷയമായ ഗ്രന്ഥത്തിൻെറ ഉദ്ദേശ്യം കണ്ടുപിടിച്ചു്, ആ ഉദ്ദേശ്യത്തിൻെറ മേന്മയേയോ മേന്മക്കുറവിനേയോ പററിതീരുമാനിച്ചു്, ആ ഉദ്ദേശ്യം ആ കൃതിയിൽ നിറവേററുന്നതിനു് ഉപയോഗപ്പെടുത്തിയിട്ടുള്ള സാങ്കേതികമാർഗ്ഗത്തിൻേറയും രീതിയുടേയും ഗുണദോഷങ്ങൾ പ്രസ്തുതോദ്ദേശ്യത്തിൻെറ നിർവ്വഹണത്തെ ആസ്പദിച്ചു കണ്ടുപിടിക്കുന്ന റൊമാൻറിക്കു സാങ്കേതികമാർഗ്ഗം മറെറാന്നു്.' നളചരിതത്തെപ്പററി എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാനും, കൃഷ്ണഗാഥയെപ്പററി പി. കെ. നാരായണപ്പിള്ളയും എഴുതിയിട്ടുള്ള നിരൂപണങ്ങൾ, മാലതീമാധവത്തെപ്പററി സി.

അന്തപ്പായി എഴുതിയിട്ടുള്ള നിരൂപണം, 'കൈരളി'യിൽ അടുത്ത കാലത്തായി കണ്ടുവരുന്ന ചില പുസ്തകനിരൂപണങ്ങൾ എന്നിവയെല്ലാം റൊമാൻറിക്ക സാങ്കേതികമാർഗ്ഗത്തിൽ ഉൾപ്പെട്ടവയാണ്. പക്ഷേ ക്ലാസിക്ക സാങ്കേതികമാർഗ്ഗമാണ് അധികവും കണ്ടുവരുന്നതു്. സാഹിത്യത്തിന്റെ പുരോഗതിക്കു കൂടുതൽ ഉതകുന്നതു സൃഷ്ടിപരമായ റൊമാൻറിക്ക രീതിയാണെന്നു പറയാതെ തരമില്ല.

നോവലുകളെപ്പററി മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. നോവലുകളിൽ നല്ലൊരു പങ്കും പത്രമാസികകൾ വഴിക്കുതന്നെയാണ് രംഗപ്രവേശം ചെയ്തിട്ടുള്ളതു്. മലയാളമനോരമയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന നോവലുകൾ കുറച്ചൊന്നുമല്ലല്ലോ. നോവലുകളിൽ ഭൂരിഭാഗവും തർജ്ജമകളും അനുകരണങ്ങളുമത്രേ. ദുർഗ്ഗേശനന്ദിനി മുതലായവയെപ്പോലുള്ള തർജ്ജമകൾ ഭാഷയ്ക്കു ഭൂഷണമായിത്തന്നെയിരിക്കും. പാശ്ചാത്യസാഹിത്യത്തിലും ബങ്കാളി മുതലായ പൗരസ്ത്യസാഹിത്യത്തിലും ഉള്ള ഉൽകൃഷ്ടനോവലുകൾ ഇനിയും ചിലതു ഭാഷയിലേയ്ക്കു സംക്രമിക്കുവാനുണ്ട്.

പ്രഹസനങ്ങൾ സംസ്കൃതസാഹിത്യത്തിലെ ദശരൂപകങ്ങളിൽനിന്നു ഭാഷയിൽ ഉത്ഭവിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാണെന്നു ചിലക്കഭിപ്രായമില്ലാതില്ല. എന്നാൽ പാശ്ചാത്യസാഹിത്യംവഴി അതിൽ വന്നുചേർന്നിട്ടുള്ള പരിവർത്തനങ്ങൾ അത്ഭുതകരമാണ്. ഇന്ദുലേഖയെ തുടർന്നു ഗതാനുഗതികന്മാരായി പുറപ്പെട്ട നോവൽഭ്രമക്കാരെ നിയന്ത്രിക്കുവാൻ പുറപ്പെട്ട പറങ്ങോടീപരിണയമത്രെ മലയാളത്തിലെ ഒന്നാമത്തെ പ്രഹസനം. ഗുണദോഷങ്ങളെ നിരൂപിച്ചു ദോഷഭാഗങ്ങളെ മാത്രം എടുത്തു പരിഹസിക്കുന്ന ഈ പ്രസ്ഥാനം, സമുദായപരിഷ്കരണത്തിനും സാഹിത്യപ്രസ്ഥാനപരിഷ്കരണത്തിനും വളരെ ഉപകരിക്കുന്ന ഒന്നാണെന്നു നിസ്സംശയം പറയാം. സി. വി., ഇ. വി., അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു എൻ. പി. ചെല്ലപ്പൻനായർ, വി. എസ്. ആൻഡ്രൂ, വി. ടി. ഭട്ടതിരിപ്പാട്, സഞ്ജയ ... ൻ, മുതലായവർ ഈ പ്രസ്ഥാനത്തിൽ ഗണനീയന്മാരത്രെ.

പദ്യശാഖയിൽ ഖണ്ഡകാവ്യങ്ങളെപ്പോലെ, ഗദ്യശ ... പ്രചുരപ്രചാരത്തെ പ്രാപിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാണ ... ാഖയിൽ കൾ. കെ. സുകുമാരൻ, എം. ആർ. കേ. സി., മൂർക്ക ... ചെറുകഥ നാടി നാരായണപ്പിഷാരടി വാൾ, ഒടുവിൽ കുഞ്ഞിക്ക ... ത്തുകുമാരൻ, അ ... കൃഷ്ണപിള്ള, ചേലനാട്ടു് അച്യുതമേനോൻ ... ഷ്ണമേനോൻ, ഈ. വി. ... എസ്. വി. പൊററ

ക്കാട്ടു് ലളിതാംബികാ അന്തർജ്ജനം, തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ് എന്നു തുടങ്ങിയവരുടെ നാമധേയങ്ങൾ ഈ സന്ദർഭത്തിൽ സ്മരണീയമാകുന്നു. ഇന്നത്തെയുവസാഹിത്യകാരന്മാരിൽ മഹാഭൂരിപക്ഷവും ചെറുകഥാകൃത്തുകളത്രെ. കോയിത്തമ്പുരാന്റെ ശാകുന്തളത്തെ തുടൎന്നു നാടകങ്ങൾ എന്നപോലെയും, ഇന്ദുലേഖയെ തുടൎന്നു നോവലുകൾ എന്നപോലെയും ചെറുകഥകൾ ഇപ്പോൾ അവധിയില്ലാതെ പുറപ്പെട്ടുകൊണ്ടിരിക്കയാണു്.

ജീവൽസാഹിത്യഭ്രമംകൊണ്ടു ചെറുകഥക്കാരിൽ ചിലരുടെ കൃതികൾ വെറും സാഹിത്യാഭാസങ്ങളായി പരിണമിച്ചുകൊണ്ടിരിക്കുന്നു എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സമുദായത്തിൽ കാണുന്ന ഉച്ചനീചത്വങ്ങൾക്കു് ഇന്ദ്രിയഗോചരമല്ലാത്ത ഒരംശം കൂടി കിടപ്പുണ്ടെന്നുള്ള തത്വം, സമുദായപരിഷ്കൎത്താക്കളായി പുറപ്പെടുന്ന ഇത്തരം ചെറുകഥക്കാർ വിസ്മരിച്ചുകളയുന്നതാണു് ഈ ദുരവസ്ഥയ്ക്കു കാരണം. വെറും വികാരാവേശത്താൽ—അനിയന്ത്രിതമായ സ്വകീയാഭിപ്രായത്തിന്റെ സത്വരഗതിയാൽ—ധാൎമ്മികമായ സൗന്ദൎയ്യാവബോധത്തെ ഇവർ അപ്രധാനമായി കരുതുന്നു. സ്വരാജ്യസ്നേഹം വളൎത്തുവാൻ പണിപ്പെടുന്നവർ അന്യരാജ്യവിദ്വേഷവും, തൊഴിലാളികളിൽ അനുകമ്പ വൎദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നവർ മുതലാളികളോടു വെറുപ്പും ജനിപ്പിക്കേണ്ട ആവശ്യമില്ലല്ലോ. സമുദായപരിഷ്കാരമാകട്ടെ രാഷ്ട്രപരിഷ്കാരമാകട്ടെ ധാൎമ്മികമായ പശ്ചാത്തലത്തെ അവലംബിച്ചതായിരുന്നാൽ അതു ശാശ്വതവും ശ്രേയസ്കരവുമായിരിക്കും. നമ്മുടെ വിപ്ലവസാഹിത്യകാരന്മാർ ഈ സംഗതി അവധാനപൂൎവ്വം ചിന്തിക്കേണ്ടതാണെന്നു മാത്രമേ ഇവിടെ സൂചിപ്പിക്കുന്നുള്ളു. ടാഗോർ മുതലായ സുപ്രസിദ്ധന്മാരായ കാഥികന്മാരുടെ കൃതികൾ തൎജ്ജമചെയ്തു വിജയശ്രീലാളിതന്മാരായിട്ടുള്ളവരിൽ പുത്തേഴത്തു രാമൻമേനോൻ അവൎകളുടേയും വി. ഉണ്ണികൃഷ്ണൻനായർ അവൎകളുടേയും പേരുകൾ ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു.

പ്രാചീനകേരളചരിത്രത്തേയും നമ്മുടെ പൂൎവ്വന്മാരേയും കുറിച്ചു വളരെ പരിമിതമായ അറിവു മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ചരിത്രലേഖനവിഷയത്തിൽ പൂൎവ്വന്മാർ അനാസ്ഥ പ്രദൎശിപ്പിച്ചതാണു് ഈ ശോച്യാവസ്ഥയ്ക്കു കാരണമെന്നു പറയേണ്ടതില്ലല്ലോ. ഈ അടുത്ത കാലത്തു പണ്ഡിതമൂൎദ്ധന്യന്മാരായ കെ. പി. പത്മനാഭമേനോൻ, മഹാകവി ഉള്ളൂർ, ഫാദർ ബെൎന്നാഡു്, ഡോക്ടർ പി. ജെ. തോമ

സ്സ് ടി. കെ. ജോസഫ്, അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, കെ. എം. പണിക്കർ, ആറന്മർ, ടി. കെ. കൃഷ്ണമേനോൻ എന്നു തുടങ്ങിയ ഏതാനും മഹത്തുക്കളുടെ പരിശ്രമഫലമായി പ്രാചീനകേരളത്തിന്റെ ചില തുമ്പും വാലും നാം കണ്ടു തുടങ്ങീട്ടുണ്ടു്. കേരളത്തേയും, കേരളീയരേയും പററിയുള്ള പലതും ഇനിയും അറിയേണ്ടതായിട്ടാണിരിക്കുന്നതു്. ഇത്രത്തോളമെങ്കിലും നമ്മുടെ ചരിത്രകാരന്മാൎക്കു സാധിച്ചതു്, കേരളത്തിൽ കച്ചവടത്തിനായും മതപ്രചരണത്തിനായും വന്ന ചില യൂറോപ്യന്മാരുടെ രേഖകൾ മൂലമാണെന്നു കൂടി ഈ അവസരത്തിൽ പ്രസ്താവിക്കേണ്ടതുണ്ടു്. നിപുണമായ അന്വേഷണം കൊണ്ടേ കേരളത്തെ സംബന്ധിച്ച പൂൎണ്ണചരിത്രം നമുക്കു സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളു. അതുപോലെതന്നെ നിഷ്പക്ഷവും പരിപൂൎണ്ണവുമായ ഒരു ഭാഷാചരിത്രം നമുക്കിനിയും ലഭിച്ചു കഴിഞ്ഞിട്ടില്ല. സൎവ്വാധികാൎയ്യക്കാർ ഗോവിന്ദപ്പിള്ള, പ്രഫസർ ശങ്കരൻനമ്പ്യാർ, ആർ. നാരായണപ്പണിക്കർ തുടങ്ങിയവർ കുറെയെല്ലാം ഈ വിഷയത്തിൽ ശ്രമിച്ചിട്ടുണ്ടെന്നുള്ളതു ചാരിതാൎത്ഥ്യജനകമാണു്. ഉത്തമമായ ഒരു ഭാഷാചരിത്രംകൊണ്ടു മാത്രമേ ഭാഷയുടേയും സാഹിത്യത്തിന്റേയും അഭിവൃദ്ധി ശരിയായി ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. ഈ വിഷയത്തിൽ പ്രവൎത്തിക്കുവാൻ അൎഹതയുള്ള മഹാരഥന്മാർ തൂലിക ചലിപ്പിച്ചു നീട്ടിത്തുടങ്ങിയിട്ടുണ്ടെന്നു കേൾക്കുന്നതു നമുക്കു് ആനന്ദപ്രദമത്രെ.

ഗദ്യസാഹിത്യത്തിന്റെ അഭിവൃദ്ധിക്കു ഗണ്യമായി സഹായിക്കുന്ന ഒരു പ്രസ്ഥാനമാണു യാത്രാവിവരണം. പാറേമ്മാക്കൽ തോമാകത്തനാരുടെ വൎത്തമാനപ്പുസ്തകത്തെപ്പററി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനുശേഷം ഈ അടുത്ത കാലത്തു മാത്രമേ ആ ശാഖയിൽ ചില കൃതികൾ ഉണ്ടായിട്ടുള്ളു. ബാരിസ്റ്റർ കേശവമേനോന്റെ ബിലാത്തിവിശേഷം, ഡോക്ടർ കുൎയ്യാളശ്ശേരിയുടെ റോമായാത്ര, കോട്ടയം മെത്രാന്റെ വിദേശയാത്ര, ജി. പരമേശ്വരൻപിള്ളയുടെ ലണ്ടനും പാരീസും, മിസ്സിസ്സ് കുട്ടൻനായരുടെ ഞാൻ കണ്ട യൂറോപ്പ്, എൻ. ജെ. നായരുടെ എന്റെ പ്രദക്ഷിണവൃത്താന്തം എന്നിവയാണു് അവയിൽ മുഖ്യമായ കൃതികൾ. ഭൂമിശാസ്ത്രം, ചരിത്രം എന്നിവയുടെ സമ്മേളനരംഗവും വൎണ്ണനാവിഷയത്തിൽ ഒരാഖ്യായികപോലെ രസാവഹവുമായ താദൃശകൃതികൾക്കു ചരിത്രപരമായും സാഹിത്യപരമായും വളരെ പ്രാധാന്യമുണ്ടെന്നു സമ്മതിച്ചേ തീരൂ.

യാത്രാവിവരണംപോലെതന്നെ ഗദ്യസാഹിത്യശാഖയെ പുഷ്ടിപ്പെടുത്തുന്ന ഒരു പ്രസ്ഥാനമാണ് പരാവൎത്തനസമ്പ്രദായം. പദ്യാത്മകങ്ങളും, ഗദ്യപദ്യാത്മകങ്ങളുമായ കൃതികളെ മലയാളഗദ്യത്തിൽ വിവൎത്തനം ചെയ്യുകയാണു് ഇതിന്റെ സ്വഭാവം. സി. കുഞ്ഞുരാമമേനോന്റെ രഘുവംശചരിത്രം, കണ്ണൻ ജനാൎദ്ദനന്റെ വിരഹതാപം, ജി. ശങ്കരക്കുറുപ്പിന്റെ രാജനന്ദിനി സി. വി. കുഞ്ഞുരാമന്റെ രാമായണം ഗദ്യം എന്നു തുടങ്ങിയ പല കൃതികളും ഈ ശാഖയിൽ ഉത്ഭവിച്ചു കഴിഞ്ഞിട്ടുണ്ടു്. ഭാഷയുടെ ഓജസ്സും തേജസ്സും വൎദ്ധിപ്പിക്കുവാൻ ഇത്തരം കൃതികൾ വളരെ ഉപകരിക്കുന്നതുതന്നെയാണു്.

ഗദ്യസാഹിത്യതരുവിൽനിന്നു പൊട്ടിപ്പുറപ്പെട്ടിട്ടുള്ള മറ്റൊരു ശാഖയാണു ജീവചരിത്രം. ഭാഷയിൽ ഈ പ്രസ്ഥാനത്തിനു കാൎയ്യമായ പുരോഗതി വന്നു കഴിഞ്ഞിട്ടില്ല. രാഷ്ട്രീയനേതാക്കന്മാർ സമുദായോദ്ധാരകന്മാർ, മതനേതാക്കന്മാർ, സാഹിത്യകൎത്താക്കൾ ഇങ്ങനെ വിവിധവിഭാഗങ്ങളിലുള്ള നായകന്മാരുടെ ജീവചരിത്രങ്ങൾ ഭാഷയിൽ വളരെ അധികം ഉണ്ടാകേണ്ടതുണ്ടു്. കേരളഭാഷാപ്രണയികൾ, 11-ാം പീയൂസ്സ് മാൎപ്പാപ്പ, ടി. കെ. മാധവൻ, രണ്ടു സാഹിത്യനായകന്മാർ, കേരളപാണിനി, കുഞ്ചൻനമ്പ്യാർ, മാൎളൂയീസ്സ്, നാണുഗുരുസ്വാമികൾ, കേരളവൎമ്മദേവൻ, മഹാകവി ഉള്ളൂർ, ശക്തൻതമ്പുരാൻ എന്നിങ്ങനെ ഏതാനും കൃതികളേ ഈ പ്രസ്ഥാനത്തിൽ ഉണ്ടായിക്കഴിഞ്ഞിട്ടുള്ളൂ. എത്രയോ മഹാന്മാർ മൺമറഞ്ഞവരായും ജീവിച്ചിരിപ്പുള്ളവരായും രാജ്യത്തിനകത്തും പുറത്തുമായി ഉണ്ടു്. അവരുടെ ജീവചരിത്രങ്ങളും നമുക്കു് ആദൎശങ്ങളായി തീരേണ്ടവതന്നെയാണു്.

മഹാന്മാരുടെ ആത്മകഥാകഥനം ഭാഷയിൽ നവീനമായി ഉണ്ടായിട്ടുള്ള ഒരു പ്രസ്ഥാനമാകുന്നു. ബി. കല്യാണിഅമ്മയുടെ വ്യാഴവട്ടസ്മരണകൾ, പി. കെ. നാരായണപിള്ളയുടെ സ്മരണമണ്ഡലം, ഈ. വി. യുടെ ജീവിതസ്മരണകൾ എന്നിത്രയുമാണു് ഈ പ്രസ്ഥാനത്തിൽ ഇതേവരെ ഉണ്ടായിട്ടുള്ളതു്. തൎജ്ജമകളായി മഹാത്മജിയുടെ 'എന്റെ സത്യാന്വേഷണപരീക്ഷകൾ', രവീന്ദ്രനാഥടാഗ്രർ മുതലായവയും പുറത്തു വന്നിട്ടുണ്ടു്. ആർ. ഈശ്വരപിള്ള, ലക്ഷ്മിക്കുട്ടി നേത്യാരമ്മ, എം. ഏ. ചാക്കൊ മുതലായ ചിലർ തങ്ങളുടെ ആത്മകഥ അപൂൎണ്ണങ്ങളായി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ഇവിടെ വിസ്മരിക്കത്തക്കതല്ല. അനുഗൃഹീതന്മാരും ആദൎശപുരുഷന്മാരുമായ മഹാത്മാക്കളുടെ ആത്മകഥാകഥനം ഭാഷാസാഹിത്യത്തിനു മഹത്തായ ഒരു നേട്ടംതന്നെയായിരിക്കും.

ഭാഷാഭിവൃദ്ധിക്കു പററിയ മറെറാരു ശാഖയാണു ഗദ്യനാടകം. അഭിജ്ഞാനശാകുന്തളത്തിന്റെ തർജ്ജമയോടുകൂടി ഗദ്യപദ്യാത്മകമായ സംസ്കൃതനാടകങ്ങൾ പലതും ഭാഷയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ പ്രസ്തുത കൃതികളിൽ ഗദ്യത്തിനു് അപ്രധാനമായ സ്ഥാനമേ ഉള്ളു. സംസ്കൃതനാടകങ്ങളിൽ ശ്ലോകങ്ങൾക്കാണു പ്രാമുഖ്യമുള്ളതു്. അത്രതന്നെയുമല്ല, നായികാനായകന്മാരിൽ ധീരോദാത്താദിതരഭേദങ്ങളെ പ്രത്യക്ഷമാക്കുവാൻ മാത്രമേ സംസ്കൃതനാടകക്കാർ മുഖ്യമായി ശ്രമിക്കാറുമുള്ളു. ആധുനികഗദ്യനാടകങ്ങൾ ഈ സമ്പ്രദായത്തിൽനിന്നു വളരെ ഭിന്നമാണു്. പാത്രങ്ങളുടെ തരഭേദത്തിലല്ല, വ്യക്തിത്വപ്രദശ്നത്തിലാണു് ആധുനികർ കാര്യമായി ശ്രദ്ധിക്കാറുള്ളതു്. സംഭാഷണങ്ങൾ കഥാപാത്രങ്ങളുടെ സ്വഭാവത്തെ വ്യക്തമായി പ്രദശിപ്പിക്കത്തക്കവണ്ണം പ്രാധാന്യമുള്ളവയായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ഇതിവൃത്തം, പാത്രസൃഷ്ടി, രംഗവിധാനം, വേഷവിധാനം, സംഭാഷണം എന്നിവയിലെല്ലാം രംഗസ്ഥിതിക്കു് അനുഭവപരമായ വിശ്വാസം ജനിപ്പിക്കുവാൻ പര്യാപ്തമായവയാണു് ആധുനികഗദ്യനാടകങ്ങൾ. ഭാഷയിലെ നാടകങ്ങളിൽ ഈ വിധമായ ഒരു പരിവർത്തനം ഇന്നു സംഭവിച്ചുതുടങ്ങിയിട്ടുണ്ടു്. പുരാണകഥാപ്രതിപാദകങ്ങളും ചരിത്രപരങ്ങളുമായ നാടകങ്ങൾ ചിലതു് ഈ ഇനത്തിൽ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു—കാൽവരിയിലെ കല്പപാദപം, രാജാകേശവദാസ്, മാത്തുത്തരകൻ, അനാക്കലി മുതലായ ഗദ്യനാടകങ്ങൾ, ഈ ഗണത്തിൽ ഉൾപ്പെട്ടവയാണു്. ടി. കെ. രാമകൃഷ്ണപിള്ള രാവിലെ പ്രതിപാദിച്ചിട്ടുള്ളപോലെ സമകാലീനസംഭവങ്ങളെ അധികരിച്ചുള്ള നല്ല കൃതികൾ ഈ ശാഖയിൽ ഇനിയും ഉണ്ടാകുവാൻ പോകുന്നതേ ഉള്ളു. ദ്വിജേന്ദ്രലാലിന്റെ കൃതികൾ മിക്കവയും ഭാഷയിൽ തർജ്ജമചെയ്തു കഴിഞ്ഞിട്ടുണ്ടു്. ഗദ്യസാഹിത്യത്തിനു പ്രസ്തുത കൃതികൾ വലിയൊരു നേട്ടംതന്നെയാണെന്നു നിസ്സംശയം പറയാം.

ഭാഷാസാഹിത്യത്തിന്റെ അഭിവൃദ്ധിയിൽ അതിലെ ശാസ്ത്രഗ്രന്ഥങ്ങളും പരിഗണിക്കപ്പെടേണ്ടതുതന്നെയാണു്. ഭാഷയുടെ ശബ്ദസ്വഭാവത്തെ നിയമനംചെയ്തു നിയന്ത്രിക്കുന്നതിനുപകരിക്കുന്നതായ വ്യാകരണശാസ്ത്രമാണു് അവയിൽ ഒന്നാമത്തേതു്. മലയാളത്തിൽ ഡോക്ടർ ആഞ്ചലൂസ്, ഡ്രമ്മർണ്ടു്, പിററ്, ഗുണ്ടർട്ട്, ഗാത്തുവൈററു് മുതലായ മിഷ്യനറിമാരാണു് ആദ്യം വ്യാകരണങ്ങൾ എഴുതിയിട്ടുള്ളതെന്നു പ്രസിദ്ധമാണല്ലോ. ഭാഷയിലെ വ്യാകരണത്തിന്റെ ഉപ

ജ്ഞാതാക്കൾ എന്ന നിലയ്ക്കു് അവർ നമ്മുടെ കൃതജ്ഞതയേയും ആദരവിനേയും സവിശേഷം അർഹിക്കുന്നു. ലീലാതിലകത്തിന്റെ കാര്യം ഞാൻ വിസ്മരിച്ചിട്ടില്ല. അതു മണിപ്രവാളഭാഷയുടെ മാർഗ്ഗദർശകമായ ഒരു പ്രാചീനവ്യാകരണഗ്രന്ഥമാണു്. എന്നാൽ ഗദ്യഭാഷയെ കാര്യമായി പരാമർശിക്കുന്ന ഒരു വ്യാകരണം എന്ന മേന്മ ആ കൃതിക്കില്ലെന്നു പറയാതെ തരമില്ല. ഗീവറുഗീസുകത്തനാർ എഴുതിയിട്ടുള്ള മലയാഴ്മയുടെ വ്യാകരണം ഭാഷയിലെ ഒരു നല്ല ശാസ്ത്രഗ്രന്ഥമാകുന്നു. കോവുണ്ണി നെടുങ്ങാടി, പാച്ചുമൂത്തതു്, വടക്കുങ്കൂർ മുതലായവരുടെ കൃതികളും ഇവിടെ വിസ്മരിക്കത്തക്കതല്ല. കേരളഭാഷാഗംഗാ, സംസ്കൃതഹിമഗിരി ഗളിതമാണെന്നു ധരിച്ചുപോയതുകൊണ്ടുള്ള വൈകല്യമേ അവയ്ക്കുള്ളു. ശേഷഗിരിപ്രഭുവിന്റെ വ്യാകരണമിത്രവും, രാജരാജവർമ്മകോയിത്തമ്പുരാന്റെ കേരളപാണിനീയവും ഭാഷയിലെ അത്യുത്തമങ്ങളായ രണ്ടു വ്യാകരണഗ്രന്ഥങ്ങളായി നിർണ്ണാൾ പരിലസിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

സാഹിത്യത്തിലെ പദപ്രയോഗങ്ങൾക്കു സംസ്കാരവും വ്യവസ്ഥയും വരുത്തുവാൻ ഏററവും പ്രയോജകീഭവിക്കുന്ന ശാസ്ത്രഗ്രന്ഥമത്രെ നിഘണ്ടു! നിഘണ്ടുനിർമ്മാണവിഷയത്തിലും നമുക്കു മാർഗ്ഗദർശികൾ ബെയിലി, കൊളൃൻസ് ഗുണ്ടർട്ടു് മുതലായ യൂറോപ്യന്മാർതന്നെ. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, ആർ. നാരായണപ്പണിക്കർ, ടി. കരുണാകരപ്പണിക്കർ എന്നിവർ അടുത്ത കാലങ്ങളിലായി ഓരോ നിഘണ്ടു ഭാഷാദേവിക്കു സമർപ്പിച്ചിട്ടുണ്ടു്. ഇങ്ങനെ ഒക്കെയാണെങ്കിലും സമഗ്രവും സർവ്വതോഭദ്രവുമായ ഒരു ഉത്തമനിഘണ്ടു ഇനിയും നമുക്കുണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്.

സാങ്കേതികപദനിഘണ്ടു ഇതിനേക്കാൾ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. ഒരു പദം ഒരേ അർത്ഥത്തിൽതന്നെ, പലരും പലവിധത്തിൽ തർജ്ജമചെയ്തു ഭാഷയുടെ ഐകരൂപ്യം നശിപ്പിക്കുകയും വായനക്കാരെ കണക്കിലേറെ ക്ലേശിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ഇംഗ്ലീഷു ശൈലിയെ കണ്ണടച്ചു പകർത്തുന്നതിനാൽ അഗ്രാസനാധിപത്യം വഹിക്കുന്നവരെക്കൊണ്ടു കസാല എടുപ്പിക്കുന്നതും മററും സാധാരണമാണു്. ഈ വക കുപ്രയോഗങ്ങളേയും അവ്യവസ്ഥയേയും പരിഹരിക്കാൻ പററിയ ഒരു സാങ്കേതികപദനിഘണ്ടു പുറപ്പെട്ടപ്പോൾ മാത്രമേ ഇപ്പോഴത്തെ ആപത്തുകൾ നീങ്ങി ഭാഷയ്ക്കു സമ്പത്തുത്ഭവിക്കയുള്ളു. ഈ വിഷയത്തിൽ സ്വഗ്രന്ഥങ്ങൾ

കൊണ്ടും മററ വിധത്തിലും കുറെയെങ്കിലും ഭാഷാദേവിയെ സഹായിച്ചിട്ടുള്ള എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ, അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, ഐ. സി. ചാക്കോ, എം. രാജരാജവർമ്മ തമ്പുരാൻ, ജോസഫ് മുണ്ടശ്ശേരി മുതലായവരെ ഈ സന്ദർഭത്തിൽ അനുസ്മരിക്കതന്നെ ചെയ്യുന്നു.

സാഹിത്യരചനയിൽ വിദ്യാർത്ഥികളെ സവിശേഷം സഹായിക്കുന്ന ഒരു വിശിഷ്ടശാസ്ത്രഗ്രന്ഥമത്രെ കേരളപാണിനിയുടെ സാഹിത്യസാഹ്യം. സാഹിത്യസാഹ്യംപോലെതന്നെ വിദ്യാർത്ഥികൾക്കു സാഹിത്യകലയിൽ പരിചയിക്കുവാൻ പ്രയോജകീഭവിക്കുന്ന ഒരു ഗ്രന്ഥമാണു ഫാദർ ജരാട്ടു് എന്ന ഒരു വൈദികൻ എഴുതി 1881-ൽ വരാപ്പുഴെ അച്ചടിപ്പിച്ചിട്ടുള്ള അലങ്കാരശാസ്ത്രം. നോവൽ, ചെറുകഥ എന്നിവയുടെ രചനയ്ക്കു സാഹ്യമായിത്തീരാവുന്ന രണ്ടു ശാസ്ത്രഗ്രന്ഥങ്ങളാകുന്നു ശ്രീമാൻ എം. പി. പോളിൻെറ നോവൽസാഹിത്യവും, ഖണ്ഡകഥാപ്രസ്ഥാനവും. ആധുനികഗദ്യപ്രസ്ഥാനലക്ഷണങ്ങളെ വിവരിക്കുന്ന, ശ്രീമാൻ എ. ബാലകൃഷ്ണപിള്ളയുടെ രൂപമഞ്ജരിയും ഭാഷാഗദ്യസാഹിത്യത്തിൻെറ ശാസ്ത്രീയഗ്രന്ഥങ്ങളിൽ ഗണനീയമായ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ടു്.

ഇതേവരെ പ്രസ്താവിച്ച വസ്തുതകളിൽനിന്നു ഭാഷാഗദ്യസാഹിത്യത്തിൻെറ അഭിവൃദ്ധിയുടെ ഏകദേശമായ ഒരു രൂപം നമുക്കു ഗ്രഹിക്കാവുന്നതാണല്ലോ. ആംഗ്ലേയസാഹിത്യമാണു ഭാഷാഗദ്യസാഹിത്യത്തെ സർവ്വപ്രകാരേണയും മുന്നോട്ടു നയിച്ചുകൊണ്ടിരിക്കുന്നതെന്നു സ്പഷ്ടമാകുന്നു. ആ സാഹിത്യത്തിലെ പല ഗദ്യപ്രസ്ഥാനങ്ങളും ഇന്നു ഭാഷയിൽ പൊട്ടിപ്പൊടിക്കുകയും ചിലതു പുഷ്ടിപ്പെടുകയും ചെയ്തിട്ടുണ്ടു്. ഇനിയും ചിലതു് ഉത്ഭവിക്കുകയും, ഉത്ഭവിച്ചവയിൽതന്നെ പലതും വളരുകയും ചെയ്യേണ്ടവയായിട്ടുമുണ്ടു്.

പരിതഃസ്ഥിതികളുടെ ആനുകൂല്യത്താൽ നമ്മുടെ സാഹിത്യതരു ഇനിയും ശാഖോപശാഖകളോടുകൂടി തഴച്ചുവളർന്നു പുഷ്പഫലാവനമ്രമായി തീരുമെന്നു നമുക്കു വിശ്വസിക്കാൻ ന്യായമുണ്ടു്. ഇപ്പോൾ ബങ്കാളിഹിന്ദി എന്നീ പ്രശസ്തപൌരസ്ത്യഭാഷകളും കൈരളീഗദ്യവനിതയെ തോഴികൾപോലെ സപര്യചെയ്തുവരുന്നു. സർവ്വപ്രകാരേണയും ഭാവിശുഭോദർക്കമായിതന്നെ തോന്നുന്നു. പക്ഷേ, ഒന്നുമാത്രമേ ഉള്ളു. നാമിന്നു നമ്മുടെ മാതൃഭാഷയിൽ വേണ്ടിടത്തോളം അഭിമാനംകൊള്ളുന്നില്ല. ആ ഭാഷാഭഗവതിയെ ആദരിക്കുന്നില്ല. ഗവർമ്മേൻറുകളും അഗ

ണ്യമായി കരുതുന്നു. ഉൽഘാടനപ്രസംഗാവസരത്തിൽ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു അരുളിച്ചെയ്തിട്ടുള്ളതുപോലെ തിരുവിതാംകൂറിൽ മാതൃഭാഷയ്ക്കു കുറച്ചൊരു പ്രാധാന്യം നൽകുന്നുണ്ടു്. കൊച്ചിയിൽ അതിൽ കുറവു്. മലബാറിൽ വളരെ കുറവു്. ഈ ദുസ്ഥിതികൾ നീങ്ങുന്ന ഒരു കാലം അചിരേണ ആവിർഭവിച്ചു, കൈരളി, സമസ്തകേരളീയരുടേയും ആദരമേദുരമായ ആരാധനയ്ക്കു പാത്രമായിത്തീരുവാൻ ശബ്ദസ്വരൂപൻതന്നെ തുണയ്ക്കുമാറാകട്ടേ.

---

* സമസ്തകേരളസാഹിത്യപരിഷത്തിൽ വായിച്ചതു്.

വിദ്വാൻ, ടി. എം. ചുമ്മാർ.

# ജന്മഭൂമിയെ ഓൎത്തു്.

('കാമനക്കുട്ടൻ')

കുന്ദപുഷ്പം വിടൎന്നു സൌരഭം
മന്ദമെങ്ങും പരക്കവേ,
ഇന്ദു വിണ്ണിലുയൎന്നു മോഹന-
കാന്തി ചിന്തി ലസിക്കവേ,
എന്മനം കുതിക്കുന്നു ദൂരഗ-
ജന്മഭൂവിലേക്കുഞ്ജസാ.
കൂട്ടുകാരെ വിട്ടൊററയായ്തീൎന്ന
കാട്ടുതാറാവുപോലവേ,
അന്തമില്ലാത്ത ശോകസങ്കുല-
ചിന്തയിൽ മുഴുകുന്നു ഞാൻ.
മുന്നിലോളമടിച്ചിരമ്പിടു-
മണ്ണവത്തിങ്കൽ നിന്നുടൻ
പൊന്തിടുകയാ,ണംബുവുമേന്തി
ബന്ധുരമേഘമാലകൾ.
വാരിദങ്ങളേ! നിങ്ങൾ പോവ,തെൻ
കേരളത്തിലേക്കല്ലയോ?
മാരുതൻെറ യദൃശ്യമാകിയ
തേരിലേറിസ്സകൌതുകം
നിങ്ങളോടൊത്തെൻ മാതൃഭൂവിലേ-
ക്കിന്നു ഞാനും വരട്ടയോ?
ലോകശില്പി ചിറകുകളെനി-
ക്കേകിയില്ല പറക്കുവാൻ!
ഹാ! ദയനീയമാകിയ മമ
രോദനമാരു കേൾക്കുവാൻ!

കഷ്ട!-മെന്തൊക്കെയായിരിക്കു,മെൻ
നാട്ടിലെ സ്ഥിതി സാമ്പ്രതം!
ചുട്ട വെയിലത്തു വേലചെ,യ്തെല്ലു
പൊട്ടി മാഴ്കിടും കൎഷകർ

എന്തു ചെയ്യുകയായിരിക്കും,മീ-
യന്തിയി,ലറിവീല ഞാൻ.
വേഗമോട്ടുവിൻ നീരദങ്ങളേ!
നാകവീഥിയിലൂടവേ;
നിങ്ങളെക്കാത്തിരിക്കുകയാവാ-
മു,ങ്ങയേ! മമ നാട്ടുകാർ.

ചാരുചന്ദ്രികാചർച്ചിതങ്ങളാ-
യോരു ശീതളരാക്കളിൽ
ആവതല്ലെനിക്കേതു,മെൻമാതൃ-
ഭൂവിനെക്കുറിച്ചോർക്കുവാൻ.
വെണ്ണിലാവും മണം പുരളുമാ-
ത്തെന്നലും നിശാവേളയും
ഇന്നൊരുമിച്ചു ചേർന്നു, നിർദ്ദയം
കൊന്നിടുമെന്നെ നിർണ്ണയം.
ലോകമേ! നീയിപ്പാതകത്തിനു
മൂകമായ് സാക്ഷിനില്ക്കുമോ?

കേരളക്ഷമേ! നിൻപവിത്രമാം
പേരുകൂടിയും മാദകം;
ഏകനായ് നിങ്കൽനിന്നകന്നിഹ
നാൾ കഴിക്കുമെൻ ജീവിതം
അന്ധകാരത്താൽ പേർത്തുമാവൃതം,
ഹന്ത! സർവ്വഥാ ഗർഹിതം.
പട്ടണത്തിൽ പരിഷ്കൃതിയുടെ
ദുഷ്ടധൂമികയേൽക്കയാൽ
ക്ഷീണമായ് സർവ്വശക്തിയുമററ
മാനസം നിലകൊൾകയാം.

വിട്ടുപോകയാണെന്നെയിപ്പൊ,ഴെ-
ന്നിഷ്ടയാം കാവ്യലക്ഷ്മിയും;
കേരളത്തിൽത്തിരിച്ചു ചെല്ലുവാ-
നേറെയുണ്ടവൾക്കാഗ്രഹം.

പോയിടൊല്ല നീ, പോയിടൊല്ല നീ,
മായികേ! മമ നായികേ!
ഈ വിദേശീയർതന്നാട്ടക്കെന്നെ-
കൈവെടിഞ്ഞു നീ പോവുകിൽ
ദേവി! പിന്നെ ഞാനാരൊടോതു,മെ-
ന്നാവലാതികളൊക്കെയും?

ഹാ! യുവവൃദ്ധനായി ഞാ,നൊരു
ഹാസഭാജനമായി ഞാൻ,
മാതൃഭൂമിയെയോ,ർത്തൊരുന്മാദ-
ബാധിതന്റെ മട്ടായി ഞാൻ,
നിൻകനിവുമിന്നെങ്കലില്ലെങ്കി-
ലെൻകവനവിലാസിനി!
പ്രാണഭാരവും പേറി ഞാനിനി
വാഴ്‌വതെന്തിനു കണ്മണി?

ആശകളുടെ പാട്ടുകൾ നില,-
ച്ചാശു ഹൃത്തടം ശൂന്യമായ്,
മൃത്യുദേവതേ! വന്നുകൊൾക നിൻ
നർത്തനത്തിനു നേരമായ്.... 

എം. ഗോപാലൻകുട്ടിമേനോൻ, ബി. എ.

# കിളിപ്പാട്ടിന്റെ മണിപ്രവാളത്വമോ?

മണിപ്രവാളം സംസ്കൃതവൃത്തത്തിൽ നിബന്ധിക്കപ്പെട്ട ഭാഷാകവിതയാണെന്നും, കിളിപ്പാട്ടു് ഭാഷാവൃത്തനിബദ്ധമായ ഒരു തരം പാട്ടാണെന്നും കേരളപാണിനി അഭിപ്രായപ്പെട്ടിട്ടു വളരെക്കാലമായി. എന്നാൽ, ലീലാതിലകത്തിലെ സിദ്ധാന്തപ്രകാരം സംസ്കൃതവൃത്തനിബദ്ധമായ കവിത മാത്രമല്ല ദ്രാവിഡവൃത്തനിബദ്ധമായ കവിതയും, എന്നു വേണ്ട ഗദ്യരൂപമോ പദ്യരൂപമോ ഉഭയരൂപമോ ആയ ഏതു പദസന്ദർഭവും മണിപ്രവാളമാകുമെന്നും, അതുകൊണ്ടു കിളിപ്പാട്ടു മണിപ്രവാളമാണെന്നും ഇപ്പോൾ ചിലർ വാദിക്കുവാൻ തുടങ്ങിയിരിക്കുന്നു. ലീലാതിലകം വായിച്ചതിനു ശേഷം കേരളപാണിനി അഭിപ്രായം എഴുതിയതു ലീലാതിലകത്തിലെ മതം ഗ്രഹിക്കുവാൻ അദ്ദേഹത്തിനു ബുദ്ധിയില്ലാഞ്ഞിട്ടോ ഗ്രഹിച്ചിട്ടും അതിനെ വിലവെക്കാഞ്ഞിട്ടോ ആണെന്നു് ഭംഗ്യന്തരേണ പ്രതിപാദിക്കുന്ന ഈ വിമൎശകന്മാരുടെ അല്ലെങ്കിൽ ഗവേഷകന്മാരുടെ അഭിപ്രായം അതുപോലെതന്നെ വിശ്വസിക്കുവാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. അതിനാൽ ഈ വിഷയത്തിൽ അല്പം ചിലതു പ്രസ്താവിക്കുന്നതു് അവസരോചിതമാകുമെന്നു വിശ്വസിക്കുന്നു.

“കിളിപ്പാട്ടിന്റെ മണിപ്രവാളത്വം” എന്ന പ്രയോഗം കേൾക്കുമ്പോൾത്തന്നെ ആ പ്രയോഗത്തിന്റെ ഉത്ഭവസ്ഥാനത്തിൽ എന്തോ ഒരു തകരാറുണ്ടെന്നു് ഏവൎക്കും തോന്നുന്നതാണു്. മണിപ്രവാളം ഒരു കവിതാപ്രസ്ഥാനം, കിളിപ്പാട്ടും ഒരു കവിതാപ്രസ്ഥാനം; ഇവക്കുതമ്മിൽ അഭേദം കല്പിക്കുന്നതു് അത്ഭുതമായിട്ടാണു് എനിക്കു തോന്നുന്നതു്. ലീലാതിലകക്കാരൻ മണിപ്രവാളമെന്നും പാട്ടെന്നും രണ്ടു വിധത്തിലുള്ള കവിതാപ്രസ്ഥാനങ്ങളെ ലക്ഷ്യലക്ഷണപൂൎവ്വകം പ്രതിപാദിച്ചിട്ടുണ്ടു്. “ഭാഷാസംസ്കൃതയോഗോ മണിപ്രവാളം.” എന്ന ലീലാതിലകത്തിലെ മണിപ്രവാളലക്ഷണം “തദദോഷൌ ശബ്ദാൎത്ഥൌ സഗുണാവനലംകൃതീ പുനഃക്വാപി” (കാവ്യപ്രകാശം), “വാക്യം രസാത്മകം കാവ്യം” (സാഹിത്യദൎപ്പണം) ‘രമണീയാൎത്ഥപ്രതിപാദകഃ ശബ്ദഃ കാവ്യം” (രസഗംഗാധരം), “ശരീരം താവദിഷ്ടാൎത്ഥവ്യവച്ഛിന്നാപദാവലീ” (കാവ്യാദൎശം) എന്നു മുതലായ കാവ്യലക്ഷണങ്ങൾ പോലെയാണിരിക്കുന്നതു്. അദോഷങ്ങളായും മററുമിരിക്കുന്ന ശബ്ദാൎത്ഥങ്ങളാണു് കാവ്യം എന്നും രസാത്മകമായ വാക്യമാണു് കാവ്യം എന്നും മററും പറയുന്ന ആചാൎയ്യന്മാരുടെ ആശയം അദോഷശബ്ദാൎത്ഥ

ഘടിതവും രസാത്മകവാക്യമയവുമായ ഒരുതരം കവിതയാണ് കാവ്യം എന്നാണല്ലോ. അതുപോലെ ഭാഷാസംസ്കൃതയോഗമാണ് മണിപ്രവാളം എന്നുള്ള ലീലാതിലകകാരന്റെ ആശയം ഭാഷാപദങ്ങളും സംസ്കൃതപദങ്ങളും കൂട്ടിച്ചേർത്തുണ്ടാക്കിയ കവിതയാണ് മണിപ്രവാളം എന്നാകുന്നു. എന്നാൽ അദോഷങ്ങളും മററുമായ കേവലശബ്ദാർത്ഥങ്ങളേയും രസാത്മകമായ കേവലവാക്യത്തേയും കാവ്യമെന്നു പറയാവുന്നതുപോലെ ഭാഷാസംസ്കൃതയോഗമുള്ള കേവലവാക്യത്തേയും മണിപ്രവാളമെന്നു പറയുവാൻ വിരോധമില്ലതാനും. ആദ്യം പറഞ്ഞ പ്രകാരം രസാത്മകവാക്യസമുദായമായ പ്രബന്ധമാണ് കാവ്യമെന്നും ഭാഷാസംസ്കൃതമയമായ പ്രബന്ധമാണ് മണിപ്രവാളമെന്നും സിദ്ധിക്കുന്നു. രണ്ടാമതു പറഞ്ഞപ്രകാരം താദൃശപ്രബന്ധത്തിലെ ഓരോ വാക്യവും കാവ്യമാണെന്നും താദൃശപ്രബന്ധത്തിലുള്ള ഓരോ വാക്യവും മണിപ്രവാളമാണെന്നും സിദ്ധിക്കുന്നു. ആദ്യത്തേതിൽ കാവ്യമെന്നും മണിപ്രവാളമെന്നുമുള്ള പദങ്ങൾ അവയവിയെക്കുറിക്കുന്നു; രണ്ടാമത്തേതിൽ അവയവത്തെക്കുറിക്കുന്നു. ഇതിൽ അവയവിയെപ്പിടിച്ചുകൊണ്ടാണ് ലീലാതിലകകാരൻ മണിപ്രവാളത്തിന്നു ലക്ഷ്യപ്രദർശനം ചെയ്തിട്ടുള്ളതെന്നു നിർമ്മത്സരദൃഷ്ടിയോടുകൂടി വീക്ഷിക്കുന്നവർക്കു കാണ്മാൻ കഴിയുന്നതാണ്.

സംസ്കൃതവൃത്തനിബദ്ധമായ സന്ദർഭം മാത്രമേ മണിപ്രവാളമാകയുള്ളു എന്നാണ് ലീലാതിലകകാരന്റെ സിദ്ധാന്തമെന്ന് ആ ഗ്രന്ഥം സൂക്ഷിച്ചുനോക്കുന്നവർക്ക് സ്പഷ്ടമായി ഗ്രഹിപ്പാൻ സാധിക്കുന്നതാണ്. മണിപ്രവാളമെന്നും പാട്ടെന്നും രണ്ടു ജാതിയിലുള്ള കവിതകളെ നിർദ്ദേശിക്കുന്ന ലീലാതിലകകാരൻ പാട്ടിനു ലക്ഷണം പറയുന്നേടത്തു "മണിപ്രവാളപ്രസിദ്ധ വസന്തതിലകാദി വൃത്തവിലക്ഷണ ച്ഛന്ദോഭേദാദിർവൃത്തവിശേഷഃ" എന്നു മുക്തകണ്ഠം പറഞ്ഞിട്ടുണ്ടല്ലോ. ഇതിൽനിന്നു വസന്തതിലകാദിവൃത്തനിബദ്ധമായിരിക്കണം മണിപ്രവാളമെന്നു സിദ്ധിക്കുന്നില്ലേ? ഈ വാക്യം വൃത്തിഗതമാകയാൽ സാരമായിക്കണക്കാക്കുവാൻ പാടില്ലെന്നു പറയുന്നപക്ഷം ഇതുപോലെ തന്നെ വൃത്തിഗതങ്ങളായ മററു ചില വാക്യങ്ങളെ സാരമായി ഗണിച്ചു വാദപ്രപഞ്ചനം ചെയ്യുന്നതിൽ യുക്ത്യാഭാസം ഇല്ലെന്നാണോ വിചാരിക്കുന്നതു്? എന്നുതന്നെയല്ല, ഒമ്പതുവിധം മണിപ്രവാളങ്ങളെ വിവരിച്ച സ്ഥലത്തു് ഒന്നിനെങ്കിലും സംസ്കൃതവൃത്തനിബദ്ധമായ പദ്യമല്ലാതെ ലീലാതിലകത്തിൽ ഉദാഹരിച്ചിട്ടുണ്ടോ? ഗദ്യരൂപമോ ഗദ്യപദ്യോഭയരൂപമോ മറേറാ ആയ പദസന്ദർഭം എല്ലാം മണിപ്രവാ

ളമാകുമെങ്കിൽ ലീലാതിലകകാരനു മണിപ്രവാളത്തിന്റെ ഭേദങ്ങളിലൊന്നിനെങ്കിലും താദൃശപദസന്ദർഭത്തെ ഉദാഹരണമായിക്കൊടുക്കാമായിരുന്നില്ലേ? അതും പോര, മണിപ്രവാളഭേദനിരൂപണത്തിൽ "ന്യൂനത്വേപ്യധമം" എന്ന സൂത്രത്തിന്റെ വൃത്തിയിൽ "അസ്യൈകസ്യാർദ്ധസ്യ ചതുർത്ഥപാദസ്യ വാ കേവലസംസ്കൃതത്വേ ഭാഷായാഃ പ്രാധാന്യം ഹീയതേ" എന്നു പറഞ്ഞിട്ടുണ്ടു്. ഇതിൽനിന്നു രണ്ടർദ്ധമായും നാലു പാദമായും തിരിക്കുന്ന പദ്യത്തിന്നാണു് ഗ്രന്ഥകാരൻ മണിപ്രവാളത്വം വിവക്ഷിച്ചിട്ടുള്ളതെന്നു പ്രസ്പഷ്ടമാകുന്നതുമുണ്ടു്. ഇങ്ങനെയെല്ലാമിരിക്കെ ഭാഷാപദങ്ങളും സംസ്കൃതപദങ്ങളും ചേർത്തിണക്കിയ ഏതു പദസന്ദർഭവും മണിപ്രവാളമാകുമെന്നു ലീലാതിലകം കൊണ്ടു സാധിക്കുന്നതെങ്ങിനെയെന്നു മനസ്സിലാകുന്നില്ല.

ലീലാതിലകത്തിലെ പാട്ടിന്റെ ലക്ഷണം "ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകമോനാവൃത്തവിശേഷയുക്തം പാട്ടു്" എന്നാണല്ലോ. ദ്രമിഡസംഘാതാക്ഷരങ്ങളാൽ നിബദ്ധമാവുക, എതുകയെന്നും മോനയെന്നും പറയപ്പെടുന്ന പ്രാസവിശേഷങ്ങൾ ഉണ്ടായിരിക്കുക, വൃത്തവിശേഷത്തോടുകൂടിയതായിരിക്കുക എന്നിവയുള്ള കവിതയാണു് പാട്ടു്. ഇവയിൽ വൃത്തവിശേഷവും എതുക എന്ന പ്രാസവും മാത്രമേ കിളിപ്പാട്ടിലുള്ളു എന്നും അതിനാൽ കിളിപ്പാട്ടു പാട്ടാകയില്ലെന്നുമാണു് ഇവർ വാദിക്കുന്നതു്. ദ്രമിഡസംഘാതാക്ഷരനിബദ്ധത്വം മുതലായി നാലുകൂട്ടം പാട്ടിനുണ്ടായിരിക്കേണ്ടതിൽ രണ്ടും കിളിപ്പാട്ടിൽ യോജിച്ചു കാണുന്നുണ്ടല്ലോ. അത്രമാത്രംകൊണ്ടു കിളിപ്പാട്ടിനു് പാട്ടിന്റെ കൂട്ടത്തിൽപ്പെടുവാൻ പാടില്ലെന്നുണ്ടോ? ഭാഷാപദങ്ങളും സംസ്കൃതപദങ്ങളും കിളിപ്പാട്ടിൽ ഉള്ളതുകൊണ്ടു് അതിനു മണിപ്രവാളത്വമാണു് കല്പിക്കേണ്ടതെന്നു പറയുന്നതു സാഹസമല്ലേ? അങ്ങനെയാണെങ്കിൽ സംസ്കൃതപദസമ്പർക്കം ധാരാളമായിട്ടുള്ള ആധുനികഭാഷയിൽ ഗദ്യമായും പദ്യമായും ഗാനമായും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രബന്ധങ്ങളും, മാസികപത്രങ്ങളിലേയും വൃത്താന്തപത്രങ്ങളിലേയും സരസങ്ങളായ ലേഖനങ്ങളും, എന്നുവേണ്ട "കിളിപ്പാട്ടിന്റെ മണിപ്രവാളത്വ"ത്തെപ്പറ്റിയുള്ള ലേഖനം കൂടിയും മണിപ്രവാളമാകയില്ലേ? ആകുമെങ്കിൽ മണിപ്രവാളത്തിന്റെ പരിധിയിൽപ്പെടാത്തതായി ശബ്ദപ്രപഞ്ചത്തിൽ വല്ലതും അവശേഷിക്കുമോ? എഴുത്തച്ഛന്റെ കിളിപ്പാട്ടു മണിപ്രവാളത്തിലാണു് പെടുകയെങ്കിൽ അതിനെ പൂർവ്വന്മാർ "കിളിപ്പാട്ടു്" എന്നു പറയുവാൻ കാരണമെന്തു്?

"കിളിമണി വാളം" എന്നോ മറ്റോ അതിനെ പറയാമായിരുന്നില്ലേ? കിളിപ്പാട്ടു് എന്നു സംജ്ഞ കല്പിച്ച പൂർവ്വന്മാർക്കു് ഇപ്പോഴത്തെ ഒന്നുരണ്ടു ഗവേഷകന്മാർക്കുള്ളേടത്തോളം ബുദ്ധിയുണ്ടായിരുന്നില്ലെന്നാണോ വിചാരിക്കേണ്ടതു്? ഗവേഷകന്മാർക്കു സമുന്നതപദത്തിലേക്കു കയറുവാൻ പൂർവ്വന്മാരുടെ ശിരസ്സിൽ കാൽ വെച്ചിട്ടു വേണമെന്നുണ്ടോ? ഈ വക സംഗതികൾ പ്രസ്തുത വിഷയത്തിൽ സവിശേഷം സ്മരണീയങ്ങളാണു്.

കിളിപ്പാട്ടിന്നെന്നപോലെ തുള്ളൽപ്പാട്ടു്, പാനപ്പാട്ടു്, വഞ്ചിപ്പാട്ടു്, കൃഷ്ണപ്പാട്ടു്, കൈകൊട്ടിക്കളിപ്പാട്ടു്, ഊഞ്ഞാൽപ്പാട്ടു്, അമ്മാനപ്പാട്ടു് മുതലായി ഭാഷാസാഹിത്യത്തിലെ പലതരം പ്രബന്ധങ്ങൾക്കും പാട്ടു് എന്ന സംജ്ഞ കാണുന്നുണ്ടു്. അവയിൽ പലതിലും കിളിപ്പാട്ടിലെപ്പോലെ ഭാഷാസംസ്കൃതയോഗവും കാണുന്നുണ്ടു്. ലീലാതിലകകാരൻ പറഞ്ഞ ദ്രമിഡസംഘാതാക്ഷരനിബദ്ധത്വാദിലക്ഷണങ്ങളൊട്ടില്ലതാനും. ഈ സ്ഥിതിക്കു് അവയേയും പാട്ടുകളുടെ കൂട്ടത്തിൽ നിന്നെടുത്തു മണിപ്രവാളകോടിയിൽപ്പെട്ടത്തേണ്ടതല്ലേ? അങ്ങനെ ചെയ്താൽ അതിൽപ്പരം വിചിത്രമായിട്ടു മറ്റെന്താണുള്ളതു്? സൂക്ഷ്മമായി വീക്ഷിക്കുമ്പോൾ ലീലാതിലകത്തിൽ നിർവ്വചിക്കപ്പെട്ട പാട്ടിൽനിന്നു കുറെ വ്യത്യസ്തമായ രീതിയിലും മലയാളത്തിൽ പല പാട്ടുകൾ ഉണ്ടെന്നു കാണുവാൻ കഴിയും. അവയെ പാട്ടായിഗ്ഗണിക്കുന്നതിനു് ദ്രമിഡസംഘാതാക്ഷരനിബദ്ധത്വമോ മറ്റോ അല്ല കാരണം. ഗാനാത്മകത്വം എന്ന അസാധാരണധർമ്മം പുരസ്കരിച്ചാണു് അവയ്ക്കു പാട്ടുകളെന്നു സംജ്ഞ കല്പിച്ചിട്ടുള്ളതു്. പാവപ്പെട്ട ഈ പാട്ടുകളുടെ കൂട്ടത്തിൽക്കൂടുവാൻ പരിഷ്കാരിയായ മണിപ്രവാളം പരിശ്രമിക്കുന്നതു പഴുതെയാണു്.

കെ. വി. എം.

# അദ്ധ്യാപകന്റെ ആപൽസന്ധി.

11

ഒരു കാലത്തു് ഇന്ത്യയിൽ ബ്രാഹ്മണബൌദ്ധജൈനാദിധൎമ്മങ്ങളുടേയും യൂറോപ്പിൽ ക്രൈസ്തവധൎമ്മത്തിന്റേയും അനുശാസകന്മാർ നടത്തിയിരുന്ന വിദ്യാശാലകളിൽ തത്തന്നിദേശങ്ങൾക്കു സ്ഥാനം കൈവന്നിരുന്നുവെങ്കിലും അവ ഒരിക്കലും അദ്ധ്യേതാക്കളുടെ മനസ്സിനെ സങ്കുചിതമാക്കിയിരുന്നില്ല. ധൎമ്മസംഹിതാകാരന്മാർ സാൎവ്വലൌകികങ്ങളായ തത്വങ്ങളേ ഉപദേശിച്ചിരുന്നുള്ളു. ഈശ്വരൻ സ്നേഹമയനാകുന്നു; അഹിംസയാണു പരമമായ ധൎമ്മം; സത്യവാനു വിജയം നിശ്ചയം—ഇത്തരം ആദേശങ്ങൾ എങ്ങനെ ഏകദേശീയങ്ങളായിത്തീരും? ഇന്നു ആ വക സൎവ്വജനാദരണീയങ്ങളായ തത്വങ്ങളൊക്കെ പ്രഭ്രഷ്ടങ്ങളായിരിക്കുന്നു. ബുധലോകത്തിലോ മറേറാ ആയിട്ടുണ്ടു് അവയ്ക്കിനി ജീവിതം. ഇപ്പോൾ ധൎമ്മസംഹിത ജൎമ്മനിയിലൊന്നു്, ഇററലിയിൽ വേറൊന്നു്, റഷ്യയിൽ മറെറാന്നു്, ജപ്പാനിൽ പിന്നെയൊന്നു. പോരെ വൈജാത്യം? ഓരോ ദേശത്തും ദേശീയബോധം സൎവ്വംകഷമായി വളൎന്നിരിക്കുന്നു. ദേശീയബോധമൊന്നുമാത്രമാണു് ആധുനികവിദ്യാവിതരണസമ്പ്രദായത്തിന്റെ കാൎയ്യമായ ലക്ഷ്യം. തന്നിമിത്തം പ്രസ്തുത രാജ്യങ്ങളിൽ ജനസമുദായങ്ങളെ പരസ്പരം ഇണക്കുവാൻ പോരുന്ന യാതൊരു കണ്ണിയും അവരുടെ സംസ്കാരങ്ങളിൽ ഇല്ലാതായിരിക്കുന്നു. അധികാരത്തിനുവേണ്ടി നരമേധം ചെയ്യുക തൊഴിലാക്കിയിരിക്കുന്ന അവയുടെ തലയിലുണ്ടോ സംസ്കാരോൽപാദ്യമായ സാഹോദൎയ്യത്തിനു സ്ഥാനം? 1914-ലെ മഹായുദ്ധത്തിനുശേഷം സംസ്കാരൈകസാദ്ധ്യമായ യോജിപ്പിനെപ്പററി മനുഷ്യർ ഓൎക്കാതായി. ഒരു കാൽശതാബ്ദം മുമ്പുവരെ യൂറോപ്യൻ വിദ്വാന്മാർ സ്വന്തം നാട്ടുംനഗരവുംവിട്ടു നാനാദേശങ്ങളിൽ ചുററിനടന്നു ഭിന്നജനസംഘാതങ്ങളുമായി ഇടപഴകി തൽസംസ്കാരാംശങ്ങൾകൊണ്ടു് ഉപൎയ്യുപരി ആത്മപോഷണം ചെയ്തുപോന്നിരുന്നു. റഷ്യയിലെ ഒരു ഗണിതശാസ്ത്രജ്ഞൻ പറകയുണ്ടായി, അദ്ദേഹം 1920-വരെ ലണ്ടനിലും പാരീസ്സിലും മററു തലസ്ഥാന നഗരങ്ങളിലും പോയി പല മഹായോഗങ്ങളിലും സംബന്ധിച്ചു് അഭിപ്രായവിനിമയം ചെയ്തുപോന്നിരുന്നുവെന്നു്. ഇന്നു റഷ്യൻ ഗവൎമ്മേണ്ടു വിദ്വാന്മാരെ അപ്രകാരം ലോകസഞ്ചാരത്തിന്നയക്കുന്നില്ലത്രെ. റഷ്യയിലെ നടപടികൾക്കു്

അപകർഷം ഉണ്ടാക്കിയേക്കാവുന്ന താരതമ്യപഠനത്തിനിട കൊടുക്കാതിരിക്കണമെന്നതാണ് അങ്ങനെ അനുമതി നിഷേധിക്കുന്നതിൽ ഗവൎമ്മേണ്ടിനുള്ള ഉദ്ദേശമെന്നറിയുന്നു. ഇത്രതന്നെ ഇടുങ്ങിയ ദേശീയബോധം മററു രാജ്യങ്ങളിൽ കാണുന്നില്ല. എന്നിരുന്നാലും യൂറോപ്പിൽ ഒരു രാജ്യവുമില്ല, ഉന്മത്തമായ ദേശാഭിമാനംകൊണ്ടു തലചുററാത്തതായിട്ട്. തങ്ങളുടെ നാട്ടിലുണ്ടാകാത്തതായ തീവണ്ടി തങ്ങൾക്കു വേണ്ടെന്നു ശഠിച്ച പഴയ ചീനക്കാരുടെ ആഭിജാത്യംപോലും യൂറോപ്യന്മാരുടെ പൃഥഗ്ഭരണഭ്രമത്തോടു കിടനില്ക്കുകയില്ല.

ഫ്രെഞ്ച്, ജൎമ്മൻ, ഗ്രീക്കു, റഷ്യൻ, സംസ്കൃതം മുതലായ ഭാഷകളും അവയിലടങ്ങിയ സാഹിത്യങ്ങളും പഠിപ്പിക്കുവാൻ, കഴിയുമെങ്കിൽ തത്തദ്ദേശക്കാരായ പണ്ഡിതന്മാരെ നിയമിക്കുന്നതാണു ഭേദമെന്ന് അടുത്ത കാലംവരെ ഇംഗ്ലീഷുകാൎക്ക് അഭിപ്രായമുണ്ടായിരുന്നു. എന്നാലിപ്പോൾ അതൊക്കെ മാറിയിരിക്കുന്നു. ഒരാൾ ഇംഗ്ലീഷുകാരനല്ലെങ്കിൽ അക്കാരണത്താൽത്തന്നെ അയാൾ, എത്ര മിടുക്കനായാലും ശരി, ഇംഗ്ലീഷുസൎവ്വകലാശാലകളിൽ ഉദ്യോഗത്തിന് അയോഗ്യനാണ്. അയാളുടെ നിയമനം രാജ്യശ്രേയസ്സിനു ബാധകമായേക്കും എന്നാണു നേതാക്കന്മാരുടെ ശങ്ക. മദ്ധ്യയൂറോപ്പിൽ നിന്നെത്തിക്കൂടിയ പല മഹാപണ്ഡിതന്മാരും പ്രസ്തുതനിബന്ധനയനുസരിച്ചു പുറന്തള്ളപ്പെട്ടിട്ടുണ്ട്. നമ്മുടെ നാടുകളിലും ഈ തരംതിരിവ് ഇല്ലെന്നില്ല. മദിരാശിസംസ്ഥാനത്തിൽത്തന്നെ പ്രവിശ്യകൾ ധാരാളം. അവ തമ്മിലുള്ള അകൽച്ച ദിവസേന വൎദ്ധിച്ചുവരികയാണ്. വൈദുഷ്യം ഓരോ പ്രവിശ്യയുടേയും അതിൎത്തികളെ ലംഘിച്ചാൽ അപകടമായി. ചുരുക്കത്തിൽ ഒരാളുടെ പഠിപ്പും പാടവവുമല്ല, ജാതിയും ദേശവുമാണ് അയാളൎഹിക്കുന്ന ജോലിക്കു നിയാമകമെന്നായിരിക്കുന്നു. ഈ മാററം പരമാൎത്ഥത്തിൽ അദ്ധ്യാപകജീവിതത്തോടും സാൎവ്വലൌകികസംസ്കാരത്തോടും ചെയ്യപ്പെടുന്ന വലിയൊരു നിന്ദയാണെന്നു പറഞ്ഞേതീരൂ. ജാതിയും ദേശവും നോക്കാതെ വൈദുഷ്യത്തെ മാനിക്കുന്ന പതിവു പണ്ടു മിക്കരാജ്യങ്ങളിലുമുണ്ടായിരുന്നു. മദ്ധ്യശതകങ്ങളിൽ ക്രൈസ്തവധൎമ്മം യൂറോപ്പിനെ കടിഞ്ഞാണിട്ടുപിടിച്ച കാലത്തും വൈദുഷ്യം ജാതിദേശനിരപേക്ഷമായി വിളങ്ങിയിരുന്നു. വാസ്തവത്തിൽ ക്രൈസ്തവധൎമ്മത്തിന്റെ കൈയിൽനിന്നു യൂറോപ്പിനു കിട്ടിയ വിലപിടിച്ച സമ്മാനങ്ങളിൽ ഒന്നായിരുന്നു സാൎവ്വലൌകികസാഹോദൎയ്യം. ഭാരതത്തിൽ അതിന്റെ ദാതാവു ബൌദ്ധധൎമ്മമായിരുന്നു. ഇ

ല്പോൾ പരിഷ്ക്കാരത്തിന്റെ പരക്കംപാച്ചലിൽ ആ സമരോവനയെ ല്ലാം പൊയ്ക്കഴിഞ്ഞു. വിദ്യാവിതരണം കാര്യക്ഷമമാകണമെങ്കിൽ ഈ തകിടംമറിച്ചലിനു പ്രതിവിധി ഉണ്ടായേ കഴിയൂ. അദ്ധ്യാപകൻ പരതന്ത്രമനസ്സനല്ലെന്നുവരണം. അദ്ധ്യാപകനു ജനസമുദായത്തോടുള്ള കടമകൾ ഏപ്രകാരമുള്ളവയെന്നു വിവേചനംചെയ്യു ഗ്രഹിക്കുന്ന നേതാക്കന്മാർ അതിനായി ഉത്സാഹിക്കേണ്ടതാണു്.

യാതൊരു വിവാദത്തിനുമിടകൊടുക്കാത്ത മൌലികതത്വങ്ങൾ പഠിപ്പിക്കലാണു് അദ്ധ്യാപകന്മാരുടെ ഒന്നാമത്തെ കർത്തവ്യമെന്നു ഗവമ്മേണ്ടുകൾ അഭിപ്രായപ്പെടുന്നതിൽ അർത്ഥമുണ്ടു്. ആ മൌലികതത്വങ്ങൾകൊണ്ടു് അടിത്തറ പടുത്തിട്ടുവേണം സംസ്കാരത്തിന്റെ മണിമാളിക കെട്ടിയുയർത്തുവാൻ. പരശ്ശതം സങ്കേതങ്ങളെക്കൊണ്ടു കൈകാര്യം ചെയ്യുന്ന നവീനസംസ്കാരത്തിനു് അടിയുറച്ചു നില്ക്കണമെങ്കിൽ തീർച്ചയായും മൌലികസങ്കേതങ്ങളെക്കൊണ്ടുവേണം അടിസ്ഥാനം ഉണ്ടാക്കുവാൻ. അഭിനവലോകത്തിൽ മനുഷ്യനാശിക്കുന്ന സുഖങ്ങൾക്കെല്ലാം അവലംബം യന്ത്രവിധാനവൈഭവമെങ്കിൽ അതിലേക്കു വഴികാണിക്കുവാൻ ശക്തരായ ഒരുകൂട്ടം ദേശികന്മാർ ഓരോ സമുദായത്തിലും ഉണ്ടായേതീരൂ. കുറഞ്ഞപക്ഷം എഴുതാനും വായിക്കാനും മനുഷ്യർക്കു കഴിവുണ്ടാക്കിക്കൊടുക്കുന്നില്ലെങ്കിൽ യന്ത്രോപനീതമായ സംസ്കാരത്തിന്റെ ഫലങ്ങളാസ്വദിക്കുവാൻ അവർക്കു തരപ്പെടുകയില്ല. ചുരുക്കത്തിൽ വിദ്യാഭ്യാസത്തെ ഒരു ഘട്ടംവരെ എല്ലാവർക്കും സുഖോപഗമ്യമാക്കണമെന്നുള്ള മതം ശരിയെന്നുവരുന്നു. എന്നാൽ മേല്പറഞ്ഞ മഹനീയമായ ഉദ്ദേശം ചൂണ്ടിക്കാണിച്ചുകൊണ്ടു വിദ്യാഭ്യാസത്തെ സർവ്വത്ര നിർബ്ബന്ധേന നടപ്പിലാക്കണമെന്നു വാദിക്കുമ്പോൾ ഗവമ്മേണ്ടുകൾ ഉള്ളിൽ കരുതുന്ന ഉന്നം മറ്റൊന്നായിക്കാണുന്നുണ്ടു്. എഴുതാനും വായിക്കാനും ശീലിക്കുന്ന കാലത്താണല്ലോ കുട്ടികളുടെ മനസ്സു് ഏറ്റവും അനുനേയമായിരിക്കുക. അക്കാലത്തു് അവർ എന്തുകേട്ടാലും ഗ്രഹിച്ചുകൊള്ളും. ആ സ്ഥിതിക്കു തങ്ങൾക്കാവശ്യമായ തരത്തിൽ പൌരന്മാരെ വാർത്തെടുക്കുവാനുദ്ദേശിക്കുന്ന ഭരണകർത്താക്കന്മാർ അതിനുപകരിക്കുന്ന ആദർശങ്ങൾ കുട്ടികളിൽ അവരറിയാതെ തന്നെ അടിച്ചുകയറ്റുവാൻ ആഗ്രഹിക്കുന്നു. ആ ലക്ഷ്യംവെച്ചുകൊണ്ടല്ലേ അവർ പ്രാഥമികവിദ്യാഭ്യാസത്തെ എല്ലായിടത്തും നിർബ്ബന്ധപൂർവ്വം നടപ്പിലാക്കണമെന്നു ഘോഷിക്കുന്നതെന്നു സംശയിക്കണം.

രാജ്യരക്ഷണത്തിൽ അദ്ധ്യാപകന്മാർക്കു പങ്കില്ലെന്നു പറഞ്ഞു

കൂടാ. ഒരു വിധത്തിൽ നോക്കുമ്പോൾ രാഷ്ട്രഘടകങ്ങളെ ആയിരക്കണക്കിനു രൂപപ്പെടുത്തി വിടുന്ന അദ്ധ്യാപകന്മാരാണു രാജ്യരക്ഷണത്തിന്റെ സാക്ഷാൽ സൂത്രധാരന്മാരെന്നു കാണാം. വാസ്തവം അതായിരിക്കെ രാഷ്ട്രപതിനിശ്വസിതങ്ങളായ ആശയങ്ങളെ കുറേശ്ശയായി അദ്ധ്യാപകന്മാർ കുട്ടികളെ ധരിപ്പിച്ചാൽ എന്താണു തരക്കേട്? അവരുടെ കർത്തവ്യങ്ങളിൽ ഒന്നല്ലേ അതാകുന്നുള്ളു? ശരിയാണ്. പക്ഷേ ഏതു വിഷയത്തിലും ആശയങ്ങളുടെ ആനുരൂപ്യം പാലിക്കണമെന്നില്ല, കുട്ടികളിൽ സ്വരാജ്യാഭിമാനം വളർത്തിക്കൊണ്ടുവരുവാൻ. അഭിപ്രായങ്ങളുടെ ഏകീകരണവും വ്യക്തിസ്വാതന്ത്ര്യത്തിന്റെ ധിക്കരണവും സാധിച്ചാലേ രാഷ്ട്രശക്തി സുരക്ഷിതമായുള്ളു എന്ന സിദ്ധാന്തം അത്ര ആദരണീയമല്ല. അപ്പപ്പോൾ വേണ്ട മാററങ്ങൾ ചെയ്യുന്നതിൽ ഒട്ടും അമാന്തം കാണിക്കാത്ത പ്രജാധിപത്യം മാത്രമാണു പതിനേഴാം നൂററാണ്ടിനുശേഷം ഏതു യുദ്ധത്തിലും വിജയഭൂഷിതമായിട്ടുള്ളതെന്നിരുന്നാലും ആപദ്ദശയിൽ ആ രാഷ്ട്രഘടന അകാര്യക്ഷമമായിരിക്കുമെന്നു് പിന്നേയും പിന്നേയും പറഞ്ഞു കേട്ടിട്ടുണ്ടു്. ഏതു വിഷയത്തെക്കുറിച്ചും സ്വതന്ത്ര വിവാദങ്ങൾ നടത്തി തീരുമാനത്തിലെത്തുവാൻ സഹായിക്കുന്ന ഒരന്തരീക്ഷത്തേക്കാൾ മനുഷ്യരുടെ ശരീരവ്യാപാരങ്ങളെ മാത്രമല്ലാ മനോഗതികളെപ്പോലും ചാട്ടകൊണ്ടടിച്ചു ദുഷ്ടശിഷ്ടവിവേകം വിനാ ഏതു പ്രാപ്യസ്ഥാനത്തേക്കും കൊണ്ടുപോകുവാൻ നിർബ്ബന്ധിക്കുന്ന ഭരണകൂടമാണു് അധികം ആപത്തുകൾ ഉണ്ടാക്കിയിട്ടുള്ളതെന്നു ചരിത്രം സൂക്ഷിച്ചു പഠിച്ചാലറിയാം. ഏകസിദ്ധാന്തവാദികളുടെ പ്രവക്താക്കൾ നാടാകെ നടന്നു തങ്ങളുടെ തോതിലേക്കു സകല ജീവജാലങ്ങളേയും വെട്ടിയിറക്കുവാൻ നിയോഗിക്കപ്പെട്ടുവെങ്കിൽ സംസ്കാരം സ്ഥാവരമായിത്തീരും. പ്രത്യുത പരസ്പരവിരുദ്ധങ്ങളായ സിദ്ധാന്തങ്ങളുടെ പ്രണേതാക്കൾക്കു നാടുവെട്ടിപ്പങ്കിടുവാൻ അധികാരം ലഭിക്കുന്നുവെങ്കിലോ സംസ്കാരം പോയി സംഹാരമാകും കലാശം. രണ്ടുമല്ലാത്ത പാകത്തിൽ അഭിപ്രായങ്ങളെ സ്വതന്ത്രമായി വളരുവാനും അവയെ യഥോചിതം ഒട്ടിച്ചു സൽഫലങ്ങൾ ഉല്പാദിപ്പിക്കുവാനുമാണു് അധികൃതന്മാർ ഉത്സാഹിക്കുന്നതെങ്കിൽ അതായിരിക്കും ഏററവും കാമ്യമായ നയം.

ഇന്നത്തെ രാഷ്ട്രീയജീവിതത്തിൽ കക്ഷിപിരിഞ്ഞുള്ള മത്സരം ഒരു ഒഴിയാബാധയായിരിക്കുന്നു. അകത്തും പുറത്തും മഹാസംഘട്ടനങ്ങളുണ്ടാകുവാൻ പാക്ഷികബോധം വഴിവെച്ചു കാണുന്നുണ്ടു്. ഓരോ

രാജ്യവും ഓരോ പക്ഷം പിടിക്കുന്നതാണെങ്കിൽ സംഘട്ടനം രാജ്യങ്ങൾ തമ്മിലായിരിക്കും. അതല്ലാ, ഒരേരാജ്യത്തിൽത്തന്നെ ഭിന്നപക്ഷങ്ങൾ ബലപ്പെട്ടാൽ അവ തമ്മിലായിരിക്കും മത്സരം. ഏതുവിധത്തിലും അതിരുകടന്ന പാക്ഷികബോധം ആപത്തിലേ കലാശിക്കൂ. അതുകൊണ്ടു് അദ്ധ്യാപകന്മാർ യാതൊരു കക്ഷിയിലും പെടാതിരിക്കുകയാണു ഭേദം. അഥവാ നിഷ്പക്ഷമായി ഏതു കാര്യത്തെക്കുറിച്ചും അനുസന്ധാനം ചെയ്യുവാൻ കുട്ടികളെ പരിശീലിപ്പിക്കുകയാണു് അദ്ധ്യാപകന്മാർ ചെയ്യേണ്ടതെന്നർത്ഥം. ഈ ജോലിയിൽ അദ്ധ്യാപകന്മാർ ചിലപ്പോൾ സമുദായനേതാക്കന്മാരുടേയും ഭരണകർത്താക്കന്മാരുടേയും വിപ്രിയത്തിനു്—ഒരുപക്ഷേ ബന്ധനത്തിനുപോലും—പാത്രീഭവിച്ചേക്കാം. അങ്ങനെ ഒരു ദുർദ്ദശ അവക്കു നേരിടാതിരിക്കുവാൻ വേണ്ട മുൻകരുതലുകൾ ഗവർമ്മേണ്ടുകൾ ചെയ്തുവെക്കേണ്ടതാണ്. കാലത്തിന്റേയും കക്ഷിബലത്തിന്റേയും എതിർപ്പിൽ കാൽതെററി വീഴാതെ തലയുയർത്തിനിന്നു വിശ്വജനീനമായ സംസ്കാരത്തിന്റെ മംഗലദീപ്തിയെ മങ്ങാതെ സൂക്ഷിച്ചു സകലദിഗന്തങ്ങളിലുമെത്തിക്കുവാൻ അവരെ ശക്തരാക്കുന്ന ഏതാനും രക്ഷാവിധികൾ എവിടേയും ഉണ്ടാകേണ്ടതാണു്.

അദ്ധ്യാപകൻ.

---

# സ്പെയിൻ അന്നാശങ്കിച്ച പോലെയാണെങ്കിൽ—

അതേ, അന്നാശങ്കിച്ചപോലെയാണു സ്പെയിൻ ഇന്നു പെരുമാറുന്നതെങ്കിൽ യുദ്ധത്തിന്റെ നിറമാകെപ്പകരുമായിരുന്നു. പക്ഷേ അന്നു അകലെയിരുന്നു സ്പെയിന്റെ നേരെ കല്ലെറിഞ്ഞിരുന്നവരുടെയെല്ലാം വേവലാതികളെ വേരോടെ അറുത്തുകൊണ്ടാണ് ഇപ്പോൾ സ്പെയിന്റെ ഗതിയെന്നറിയുന്നു. പുലിവാലു പിടിക്കുവാൻ സ്പെയിന്റെ നേതാവു പുറപ്പെടുന്നില്ല. ഈ നയം കുറഞ്ഞൊന്നു സ്വപ്നം കണ്ടിട്ടായിരിക്കണം ബ്രിട്ടീഷു ഗവമ്മേണ്ടു ജനറൽ ഫ്രാങ്കോയെ ഔദ്യോഗികമായി അനാദരിക്കാതിരിക്കുകയും ഹിററ്ലർ പടക്കിറങ്ങിയ ദിവസംതൊട്ടു് അതിയായി ആദരിക്കയും ചെയ്തതു്. ഇംഗ്ലണ്ടിലെ സമഷ്ടിവാദികൾ എന്തൊക്കെ ബഹളങ്ങൾ കൂട്ടിയാലും ബ്രിട്ടീഷു ഗവമ്മേണ്ടു ഹാലിഫാക്സ് പ്രഭു പറഞ്ഞപോലെ ഇരുരാജ്യങ്ങളും തമ്മിലുള്ള സൌഹാർദ്ദം നിർബ്ബാധം പുലർത്തിക്കൊണ്ടു പോരുവാൻ അവധാനപൂർവ്വം ഉത്സാഹിച്ചിട്ടുണ്ടു്. അതിന്റെ സൽഫലം ഈ സന്ധിയിൽ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ഇനിയും കിണ്ണത്തിന്റെ വക്കിൽ കടുകുമണിപോലെയാണു സ്പെയിന്റെ നിൽപ്പ്. എങ്ങോട്ടാണു വീഴുന്നതെന്നു കണ്ടുതന്നെ വേണം അറിയുവാൻ. സങ്കലിതകക്ഷിയുടെ കണ്ണു അതിന്റെ നേരെയാണ് എപ്പോഴും.

ഒരു രാജ്യത്തിന്റെ നയം കീഴ്മേൽ മറിക്കുവാൻ ചിലപ്പോൾ ഏതാനും കുസൃതിക്കാരുടെ ജല്പനങ്ങൾ മാത്രം മതിയാകും. ഇംഗ്ലണ്ടിൽ കുറെ സമഷ്ടിവാദികൾ സ്പെയിന്റെ ഉള്ളറിയാതെ അതിനെ മൂർച്ചയേറിയ അപവാദശരങ്ങൾക്കിരയാക്കിക്കൊണ്ടിരുന്നു. അടുത്ത കാലംവരെ അവർ ആ തൊഴിലിൽനിന്നു പിൻവാങ്ങിയില്ല. അവരുടെ വാക്കുകേട്ടു ഒപ്പം കശപിശകൂട്ടിയവർ നമ്മുടെ നാട്ടിലുമുണ്ടു്. ആ വക നിരുത്തരവാദവിജല്പനങ്ങളുടെ വഴിക്കു ഗവമ്മേണ്ടിന്റെ നയം പാളുമോ എന്നു ശങ്കിക്കേണ്ട ഘട്ടംപോലും ഉണ്ടായി. എന്നാൽ ദൈവഗത്യാ ആ എടുത്തുചാട്ടത്തിന്നു ഹാലിഫാക്സിനെപ്പോലെയുള്ള പരിണതബുദ്ധികൾ മുതിർന്നില്ലെന്നേയുള്ളു.

സ്പെയിനിൽ ആഭ്യന്തരസമരം പൊട്ടിപ്പുറപ്പെട്ടപ്പോൾ ജനറൽ ഫ്രാങ്കോ ഫാസിസ്ററ് കക്ഷിയുടെ പ്രതിനിധിയായി ഇറങ്ങി ജനാധിപത്യത്തിന്റെ കടക്കൽ കോടാലിവെക്കുവാൻ തുള്ളുകയാണെന്നു നിസ്സംശയം പലരും പറഞ്ഞുപരത്തി. ജനാധിപത്യത്തിന്റെ

പേരും പറഞ്ഞു സ്പെയിനിൽ സമഷ്ടിവാദികൾ ചെയ്തു കൂട്ടിയ കൂട്ട കൊലകൾ അറിഞ്ഞിട്ടും അവർ വിശ്വസിച്ചില്ല; വിശ്വസിച്ചിട്ടും അവർ പുറത്തു പറഞ്ഞില്ല. കൂട്ടക്കൊലക്കാർ എത്രയോ മര്യാദക്കാരാണെന്നു ഘോഷിക്കുവാൻ രാവും പകലും അവർ പണിപ്പെട്ടു പോന്നു. ആഭ്യന്തരകലഹം ഫ്രാങ്കോയ്ക്കു് അനുകൂലമായി കലാശിക്കയും ആ വിജയം യൂറോപ്പിലെ മറേറതു വിജയത്തേക്കാളും ജനകീയമായ ഒന്നാണെന്നു തെളിയുകയും ചെയ്തപ്പോൾ അവർ അഭിപ്രായം മാറിയോ? അപ്പോഴും അവർ പറഞ്ഞു, അതൊരു 'അക്ഷൗഹണീ'വിജയമാണെന്നു്. ജർമ്മൻകാരും ഇററലിക്കാരുമായ ഭടന്മാർ സ്പെയിനിൽനിന്നു് ഇറങ്ങിപ്പോകയില്ലെന്നും ആ പരാന്നഭോജികൾ സ്പെയിനിനെ കാല്ക്കീഴമക്കുന്ന ദിവസം അകലെയല്ലെന്നും അവർ വിതണ്ഡാവാദം ചെയ്തു. ആ വാദവും ക്ഷണേന വീണുടഞ്ഞു. ലണ്ടൻ ടൈംസും മററു പത്രങ്ങളും പ്രതിനിധികളെ അയച്ചു സ്പെയിനിലെ നടപടികൾ സൂക്ഷിച്ചന്വേഷിച്ചറിവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. മററു രാജ്യങ്ങളിൽനിന്നും പ്രാമാണികന്മാരായ സന്ദർശകന്മാർ സ്പെയിനിൽ കടന്നു സ്ഥിതിഗതികൾ തിരക്കുന്നതിനിടയായി. എല്ലാവരും ഒടുവിൽ സമ്മതിക്കേണ്ടിവന്നു സ്പെയിനിൽ ഭീകരഭരണസമ്പ്രദായമൊന്നും നടപ്പിലില്ലെന്നു. ജർമ്മനിക്കും ഇററലിക്കും സ്പെയിനിനെ മൂക്കിനു പിടിച്ചു നടത്താൻ അധികാരം ലഭിച്ചിട്ടില്ലെന്നു നിഷ്പക്ഷബുദ്ധികളായ സന്ദർശകന്മാരെല്ലാവരും പരസ്യമായിപ്പറഞ്ഞു. "With malice towards none, with charity for all, with firmness in the right as God gives us to see the right, let us finish the work we have began" എന്നിങ്ങനെ അബ്രഹാം ലിങ്കൺ പ്രകീർത്തിച്ച ആദർശമാണു് ഫ്റാൻകോയുടെ ഗവർമ്മേണ്ടിനുള്ളതെന്നു അമേരിക്കക്കാർ പല തവണ പ്രഖ്യാപനംചെയ്തു. ഇംഗ്ലണ്ടിനോടും ഫ്റാൻസിനോടും തന്നെ വൈരമല്ല അദ്ദേഹത്തിൻെറ ഗവർമ്മേണ്ടിനും ജനതതിക്കും ഉള്ളതെന്നു നല്ലപോലെ തെളിഞ്ഞു. "We were wrong; Spain has solved its own internal problems; it has set up a government that is just and efficient; it is our duty to let it alone and to give it our friendship'' എന്നായിരുന്നു ഇംഗ്ലീഷുകാരായ പ്രതിനിധികൾ സ്പെയിനിൽനിന്നു തിരിച്ചെത്തിയിട്ടു പറഞ്ഞതു്.

അഭിപ്രായഗതി ഇങ്ങനെയൊക്കെ മാറിവീണിട്ടുണ്ടെങ്കിലും സ്പെയിൻ ഇന്നും യൂറോപ്പിലെ അധികാരമത്സരത്തിൽ ഒരു നികഷോപലം പോലെയാണു്. മധ്യതരണിക്കടലിലുണ്ടാകാനിരിക്കുന്ന സമരത്തിൽ സ്പെയിൻെറ ആനുകൂല്യപ്രാതികൂല്യങ്ങൾ പ്രത്യേകിച്ചു പരിഗണിക്കേണ്ടവയാണെന്നു് എല്ലാവർക്കുമറിയാം; ബ്രിട്ടനു് വിശേഷിച്ചും.

ജേ. എം.

# പെരുവഴിയിൽവെച്ചു്.

(തുടർച്ച)

മെറിക്ക്— നമുക്കതു കുറിച്ചുവെയ്ക്കണം. (ടിഹോങ്ങിന്നടുത്തു ചെന്നു) ഹേ, പ്രിയംചെന്ന ഊത്താമുകര! നിങ്ങൾ എന്നെ അറിയില്ലേ?

ടിഹോങ്ങ്— ഈ പെരുവഴിയിൽ അലഞ്ഞു നടക്കുന്ന നിങ്ങളെയൊക്കെ അറിയേണമെങ്കിൽ, ചുരുങ്ങിയതു്, ഒരു ഡസൻ കണ്ണുകളെങ്കിലും വേണ്ടിവരും.

മെറിക്ക്— ഒന്നു നല്ലവണ്ണം നോക്കൂ...(ഒരു നിശ്ശബ്ദത)

ടിഹോങ്ങ്— കൊള്ളാം, ഞാൻ വിളിച്ചുപറയുന്നു, ഞാൻ നിങ്ങളെ അറിയും! ഞാൻ നിങ്ങളെ നിങ്ങളുടെ കണ്ണുകൊണ്ടാണറിഞ്ഞതു്! (കയ്യുകൊട്ടുകുന്നു) ആൻഡ്രേ പോളികാർപോവ്?

മെറിക്ക്— ഞാൻ ആൻഡ്രേ പോളികാർപോവായിരുന്നു; എന്നാലിപ്പോൾ ഞാൻ യെഗോർ മെറി ആണു്.

ടിഹോങ്ങ്— അതെന്തേ?

മെറിക്ക്— ഈശ്വരൻ എനിക്കേതു പേരിലുള്ള പാസ്സ്പോർട്ടു അയയ്ക്കുന്നുവോ, അതാണെന്റെ പേര്. ഇപ്പോൾ രണ്ടുമാസമായി ഞാൻ മെറിക്കായിട്ടു...(ഇടിവെട്ടുന്നു) ർ, ർ, ർ, ർ! കടന്നുപോ, ഇടിവെട്ടേ, എനിക്കു പേടിയില്ല (നാലുപാടും നോക്കിയിട്ടു) ഇവിടെ വേട്ടനായ്ക്കളൊന്നുമില്ലല്ലോ?

ടിഹോങ്ങ്— വേട്ടനായ്ക്കളോ, തീർച്ചയായും! അധികവും നന്നമ്പുകളും പ്രിക്കകളും...ഒരു സാധു വർഗ്ഗം...,വേട്ടനായ്ക്കൾ അവയുടെ തൂവൽക്കിടക്കകളിൽക്കിടന്നു് ഇപ്പോൾ കൂർക്കംവലിക്കുകയാവും, ഞാൻ വാതുവെയ്ക്കാം...(ഉറക്കെ) നല്ലവരായ ക്രസ്ത്യാനികളെ, നിങ്ങൾ നിങ്ങളുടെ കീശകളേയും ഉടുപ്പുകളേയും വിലവെയ്ക്കുന്നുണ്ടെങ്കിൽ, അതു സൂക്ഷിച്ചുകൊള്ളു. അയാൾ ഒരു വികൃതനാണു്. അയാൾ നിങ്ങളെക്കൊള്ളയടിയ്ക്കും.

മെറിക്ക്— ശരി, അവരുടെ കയ്യിൽ പണം വല്ലതുമുണ്ടെങ്കിൽ, അവരതു സൂക്ഷിക്കുയാണു് അധികം നല്ലതു്; ഉടുപ്പുകൾ ഞാൻ തൊടില്ല. എനിക്കതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

ടിഹോങ്ങ്— ചെകുത്താൻ നിങ്ങളെ എവിടെയ്ക്കാണു കെട്ടിയെടുക്കുന്നതു .

മെറിക്ക്— കുബാനിലേക്കു്.

ടിഹോണ്‍— നേര്!

ഫെഡ്യ— കുബാനിലേക്കോ? നേര് (എഴുന്നേററിരിക്കുന്നു) അതൊരു ചന്തമുള്ള സ്ഥലമാണ്. നിങ്ങൾ മൂന്നു കൊല്ലം കിടന്നുറങ്ങിയാൽ കൂടി അത്ര ചന്തമുള്ള ഒരു സ്ഥലം നിങ്ങൾക്കു കാണാൻ പററില്ല. അത്രമേൽ പരപ്പേറിയതും സ്വാതന്ത്ര്യവുമാണതു്! അവിടെ എത്രതരം പക്ഷികൾക്കും, വേട്ടയ്ക്കും, കാട്ടുമൃഗങ്ങൾക്കും യാതൊരറിവുമില്ലെന്നാണ് അവർ പറയാറ്. ഏതു കാലത്തും പുല്ലുവളരും. ആളുകൾ സ്നേഹിതന്മാരെപ്പോലെ ജീവിക്കുന്നു. എന്താണു ചെയ്യേണ്ടതെന്നു് ഒരു പിടിയുമില്ലാത്തത്ര ഭൂമിയുണ്ടവിടെ! അവർ പറയുന്നു, ഗവമ്മേണ്ടു്...ഒരു ദിവസം ഒരു പട്ടാളക്കാരൻ എന്നോടു പറഞ്ഞതാണു... ഒരാൾക്കു മുന്നൂറു ഏക്രഭൂമി വീതം കൊടുക്കുന്നുണ്ടത്രേ. അതാണു സുഖമുള്ള സ്ഥലം, ഇല്ലെങ്കിലെന്നെ കൊന്നോളൂ!

മെറിക്ക്— സുഖം...സുഖം എല്ലായ്പോഴും നിങ്ങളുടെ പിന്നാലെയുണ്ടു്...അതിനെ കാണലില്ല. നിങ്ങൾക്കു നിങ്ങളുടെ കൈമുട്ടു കടിക്കാൻ കഴിയാറാവുമ്പോൾ സുഖത്തേയും കണ്ടെത്താം...അതെല്ലാം വിഡ്ഢിത്തമാണു (ചുററുപാടുമുള്ള ബഞ്ചുകളേയും ആളുകളേയും നോക്കുന്നു) കുററവാളികളുടെ ഒരു സങ്കേതംപോലെയാണിതു്...സലാം, പാവങ്ങളേ!

യെഫിമോവ്ന— (മെറിക്കിനോടു്) അത്രയും ക്രൂരമാണു നിങ്ങളുടെ ദൃഷ്ടി. എടോ, തന്നെ ചെകുത്താൻ ബാധിച്ചിരിക്കുന്നു...ഞങ്ങളുടെ നേരെ നോക്കരുതു്.

മെറിക്ക്— പാവങ്ങളേ, സലാം!

യെഫിമോവ്ന— കടന്നുപോവൂ! (സവ്വയെ തട്ടിയിട്ടു്) പ്രിയപ്പെട്ട സവ്വ, ഈ ക്രൂരമനുഷ്യനിതാ നമ്മുടെ നേരെ നോക്കുന്നു. അയാൾ നിങ്ങളെ ഉപദ്രവിക്കും. (മെറിക്കിനോടു്) ഞാൻ പറയുന്നു, മൂർഖപ്പാമ്പേ, കടന്നുപോ!

സവ്വ— അയാൾ നമ്മെ തൊടില്ല, അമ്മേ, നമ്മെ അയാൾ തൊടില്ല... ഈശ്വരൻ നമ്മെ രക്ഷിക്കും....

മെറിക്ക്— നല്ലവരായ കൃസ്ത്യാനികളേ, സലാം! (ചുമലുകൾ ചുളുക്കുന്നു) അവരൊന്നും പറയുന്നില്ല! നിങ്ങൾ ഉറങ്ങിയിട്ടില്ല, ഉവ്വോ, അശ്രീകരംപിടിച്ച ഇരപ്പാളികളേ! നിങ്ങളെന്താണ് മിണ്ടാത്തതു്?

യെഫിമോവ്ന— നിങ്ങളുടെ ക്രൂരദൃഷ്ടികൾ തിരിക്കൂ. നിങ്ങളുടെ പൈശാചഗർവ്വിനെ ദൂരെക്കളയൂ!

മെറിക്ക്— ഹേ പ്രിയം ചെന്ന മൂധേവി, നിങ്ങളുടെ നാവടക്കിക്കൊള്ളു! പൈശാചഗർവ്വമല്ല ഇതു്. ഞാൻ നിങ്ങളുടെ ദുഃസ്ഥിതിയെ കനിവുററ സൌഹാർദ്ദത്തോടും വാക്കുകളോടും കൂടി സ്വാഗതം ചെയ്യാൻ വിചാരിച്ചതാണു്! നിങ്ങൾ തണുപ്പുകൊണ്ടു് ഈച്ചകളെപ്പോലെ കിടന്നു പിടയുന്ന—എനിയ്ക്കു നിങ്ങളോടു സഹതാപം തോന്നി; നിങ്ങളുടെ കഷ്ടപ്പാടിൽ നിങ്ങളെ സമാശ്വസിപ്പിയ്ക്കാൻ, ഒരു നല്ല വാക്കു പറയാമെന്നു വിചാരിച്ചു; അപ്പോൾ നിങ്ങൾ നിങ്ങളുടെ വികൃതമുഖങ്ങൾ തിരിയ്ക്കുകയാണു്! വളരെ നന്നായി, ഞാനതു വകവെയ്ക്കുന്നില്ല! (ഫെഡ്യയുടെ അടുക്കൽച്ചെന്നു) നിങ്ങൾ എവിടെനിന്നാണു വരുന്നതു്?

ഫെഡ്യ—ഞാൻ ഇവിടുത്തുകാരൻതന്നെയാണു്. വിമോനിവെസ്കു് ഇഷ്ടികക്കമ്പനിയിൽ നിന്നാണു് വരുന്നതു്.

മെറിക്ക്—എഴുന്നേല്ക്കു!

ഫെഡ്യ—(എഴുന്നേററിരുന്നു്) ഇനി?

മെറിക്ക്....എഴുന്നേററു നില്ക്കു! തികച്ചും എഴുന്നേല്ക്കു! ഞാനവിടെ കിടക്കാൻ ഭാവിയ്ക്കുയാണു്.

ഫെഡ്യ—അപ്പോൾ,........തൻെറ സ്ഥലമാണോ ഇതു്?

മെറിക്ക്—അതേ............പോയി നിലത്തു കിടന്നോളു.

ഫെഡ്യ—കടന്നുപോവു...........എനിയ്ക്കു നിങ്ങളെ പേടിയൊന്നുമില്ല.

മെറിക്ക്—നിങ്ങളൊരു ചൊടിയുള്ള ചെറുക്കനാണു്. വരു, എഴുന്നേററുപോവു, മിണ്ടരുതു്! നിങ്ങൾക്കിതിനു വ്യസനിയ്ക്കേണ്ടിവരും മന്ദ!

ടിഹോണ്—(ഫെഡ്യയോടു്) ചങ്ങാതി, അയാളെ ശുണ്ഠി പിടിപ്പിക്കേണ്ട, സാരമില്ല.

ഫെഡ്യ—നിങ്ങൾക്കെന്തവകാശമാണുള്ളതു്? നിങ്ങൾ ഒരു സ്രാങ്കിനെപ്പോലെ കണ്ണുരുട്ടിയിട്ടു ഞാൻ പേടിയ്ക്കുമെന്നു കരുതുന്നു! (തൻെറ സാമാനങ്ങളെല്ലാം എടുത്തു്, പോയി നിലത്തു കിടക്കുന്നു.) ചെകുത്താൻ! (കിടന്നു തല മൂടുന്നു.)

മെറിക്ക്—(ബെഞ്ചിന്മേൽ തൻെറ കിടക്ക തയ്യാറാക്കി). നിങ്ങൾ എന്നെ ചെകുത്താനെന്നു വിളിയ്ക്കുകയാണെങ്കിൽ, നിങ്ങൾ ചെകുത്താനെ കണ്ടിട്ടുണ്ടാവില്ല. ചെകുത്താന്മാർ എന്നെപ്പോലെയല്ല. (കിടന്നു കോടാലി തൻെറ അടുത്തുവെയ്ക്കുന്നു.) അവിടെ കിടന്നോ, ട്ടോ, കോടാലി, എൻെറ കുട്ടീ! ഞാൻ നിൻെറ തായ മൂടട്ടെ! ഞാനതു കട്ടതാണു്............എന്നിട്ടു്, ഇപ്പോൾ ഒരു വിഡ്ഢി ഒരു കള

[library stamp]

ക്രോപ്പിനെ എന്നപോലെ ഞാനതിനെ ഓമനിക്കുന്നു. എനിക്കതു വലിച്ചെറിയാൻ വ്യസനമുണ്ട്, എടുത്തുവെക്കാൻ സ്ഥലവുമില്ല. ശൈപരംകൊല്ലിയായ ഭാര്യയെപ്പോലെ.......അതേ..........(സ്വയം മൂടുന്നു.) ചെകുത്താന്മാർ എന്നെപ്പോലെയല്ല, ഹേ.......

ഫെഡ്യ—(കുപ്പായത്തിനുള്ളിൽനിന്നു തല പുറത്തേക്കെടുത്ത്) അവ, പിന്നെ എങ്ങിനെയാണ്?

മെറിക്ക്—ഒരാവിയെപ്പോലെ, ഒരു പ്രേതത്തെപ്പോലെയാണ് അവ..........നിങ്ങളിവിടെ അടിക്കു (അടിക്കുന്നു) അവ അതുപോലെയാണ്. നിങ്ങൾക്ക് അവയെ കാണാൻ കഴിയില്ല.

മൂലയിൽനിന്നു ഒരു ശബ്ദം. ഒരു ഈച്ചമരത്തിന്റെ കീഴിൽ ചെന്നിരുന്നാൽനിങ്ങൾക്കവയെ കാണാം.

മെറിക്ക്—ഞാൻ ഇരിക്കയുണ്ടായിട്ടുണ്ട്; എന്നാൻ ഞാനവയെ കണ്ടിട്ടില്ല,..........സ്ത്രീകൾ അസംബന്ധം പറയും........ അങ്ങിനെ തന്നെയാണ്. അന്തഃസാരമില്ലാത്ത നാടന്മാരും.......... ഒരു ചെകുത്താനേയോ, വനദേവതയേയോ, പ്രേതത്തേയോ, ഒന്നിനേയും നിങ്ങൾ കാണില്ല........എല്ലാററിനേയും കാണ്മാനുണ്ടാക്കിയിട്ടുള്ളതല്ല, നമ്മുടെ കണ്ണുകൾ........എന്റെ ചെറുപ്പകാലത്ത്, വനദേവതയെ കാണാൻവേണ്ടി ഞാൻ, കല്പിച്ചുകൂട്ടി, രാത്രിസമയത്തു കാട്ടിലേക്കു പോവുക പതിവായിരുന്നു......ഞാൻ എന്റെ ഏററവും വലിയ ശബ്ദത്തിൽ കൂകിക്കുകിയാണ്, വനദേവതയെ വിളിച്ചിരുന്നതു്. ഒന്നിമവെട്ടാറില്ല. എനിക്കു എല്ലാത്തരം അസംബന്ധങ്ങളും, കാണുന്നതായി തോന്നാറുണ്ട്; എന്നാൽ വനദേവതയെ മാത്രമില്ല. ഞാൻ രാത്രിസമയത്തു ശ്മശാനത്തിൽ പോകാറുണ്ട്, എനിക്കൊരു പ്രേതത്തിനെ കാണണമെന്നുണ്ടായിരുന്നു. അതെല്ലാം പെണ്ണുങ്ങളുടെ കെട്ടുകഥയാണ്. ഞാൻ എല്ലാത്തരം കാട്ടുമൃഗങ്ങളേയും കണ്ടിട്ടുണ്ട്. എന്നാൽ ഭയങ്കരമാണെന്നു പറയപ്പെടുന്നതെന്തും വെറും പൊള്ളയാണ് അതിനുണ്ടാക്കിയിട്ടുള്ളതല്ല, കണ്ണ്.

മൂലയിൽനിന്ന് ഒരു ശബ്ദം— അതു പറഞ്ഞതു്—ആളുകൾ ഇടക്കെല്ലാം അങ്ങിനെ കണ്ടെത്തിപ്പോകാറുണ്ട്. ഞങ്ങളുടെ വില്ലേജിൽ ഒരു കൃഷിക്കാരൻ ഒരു പന്നിയെ മുറിക്കുകയായിരുന്നു. . . . . . അയാൾ അതിന്റെ വയറു കീറി; അപ്പോളുണ്ട് അതിന്റെ വയററിൽനിന്നൊന്നു ചാടുന്നു!

(തുടരും)